വേദപ്രചാര

മദ്ധ്യസഥൻ



പുസ്ത. നമ്പർ ഫ ചെങ്ങന്നൂർ പ്രസിദ്ധീകരിച്ചതു വ്യ.

Liscence No. 183.

M.A.KAPIAR

വിഷയവിവരിണിക.

ക. അൽമായ പ്രേഷിതത്വം. (ഗാനം.)
റവ. ഫാദർ പാലിഹ് കണ്ടങ്കേരി.

ഖ. മാർ യൗസേപ്പു പിതാവിന്റെ ജീവചരിത്രം
എ. പെ. പെ. ബ. ച. മെ. തിരുമനസ്സുകൊണ്ട്.

ഗ. മാതൃസഭയെ വിട്ടുപേക്ഷിക്കയോ? മഹാപാപം
പത്രാധിപർ.

ഘ. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമോ?
എൻ. എക്സ്. കുഴുൻ ബീ. എ. ബി.എൽ.

ങ. കത്തോലിക്ക ലാറ്റിൻ ലേഖാപ്രചരണം
കുഴുൻ ജെ. വള്ളവൻ തറ.

ച. കാനാവിലെ കല്യാണം. (ഗാഥ)
ടി. സി. തോമസ് മേലുകാവ്.

ഛ. പട്ടാളക്കാരന്റെ പാസ്പോർട്ട്.
ഫാദർ എജിദിയോസ്. സി. ഡി.

ജ. വിദ്യാർത്ഥികളോട്.
നെടുങ്ങാട്ട സി. ജോസഫ്.

ഝ. പുനരൈക്യസഹായസമാജം
റവ. സിറിയക്ക് കാപ്പിൽ. പി.എച്ച്. ഡി.

ഞ. പൊതുനിയോഗം.

ട. പ്രസാധകപ്രഭാഷണങ്ങൾ.
കത്തോലിക്കാപ്പള്ളി.

ഠ. പള്ളി സന്ദർശനപ്രോഗ്രാം.

ഡ. വൈദികരുടെ സ്ഥലംമാറ്റം

ഢ. ഉപകാരസ്മരണകൾ.

ണ. ചരമവാർത്തകൾ.

ത. പരസ്യങ്ങൾ

മദ്ധ്യസ്ഥൻ

പുസ്തകം ൩.)　　ഫൻ൱ ഫ ൈെബ്രുവരി.　　(ലക്കം ൨൪.

അൽമേയപ്രേഷിതത്വം

(ഫാദർ ഫിലിപ്പ് കണ്ടങ്കരി.

(മാത്താഡബാരാത്തൊ. എന്നമട്ട്)

പല്ലവി.

നൽകീടേണമേവന്ദ്യ- ദേവസ്യാനോസേ!　(നൽകീ.)

അനുപല്ലവി.

'ലൗകികപ്രേഷിതത്വ-ചൈതന്യം ഞങ്ങൾക്കെല്ലാം(നൽ.)

ചരണങ്ങൾ

൧) ക്രിസ്തുവാം കർത്താവിനു-വ്യഗ്രമായുള്ള കായ്യം
നിസ്തുലമായദിവ്യ വേദപ്രചാരമല്ലേ?　(നൽ.)

൨) 'മൂന്നാംശരകത്തി'ലെ-അൽമേയപ്രേഷിതത്വ-
മിന്നും 'സഭയിൽ'വേണ-മെന്നേക്കാംവിപുലമായ്.　(നൽ.)

൩) ഷാപ്പിലുംതെരുവിലും-ബാങ്കിലുംബസ്സ്തിലും
തോപ്പിലും കോളേജിലും-വേണമേ'ദേവസ്യാമാർ,　(നൽ.)

൪) അല്ലാതെഭവാനേറനൽ-ജോലിയേതുടർന്നീടാൻ
വല്ലാതെകഷ്ടണിയുന്നും-വൈദികർതന്നെമന്നിൽ.　(നൽ.)

L. D. S.

മഹാത്മാവായ

മാർ യൗസേപ്പിന്റെ

ജീവചരിത്രം.

അദ്ധ്യായം ൧൨.


---

൧. പരിശുദ്ധമറിയത്തിന്റെ ദേവാലയത്തിലെ ജീവിതം—യൗസേപ്പിന്റെ ഓറശലത്തിലെ താമസകാലത്തു് ദൈവനിശ്ചയത്താൽ പരിശുദ്ധമറിയം ദേവാലയത്തിനു അവളുടെ മാതാപിതാക്കന്മാരാൽ പ്രതിഷ്ഠിക്കപ്പെട്ടകയും, അതിനോടു ഘടിപ്പിക്കപ്പെട്ടിരുന്ന ബാലികാമന്ദിരത്തിൽ താമസിച്ചു് ഭക്തസ്ത്രീകളുടെ മേൽനോട്ടത്തിൽ അവൾ വളർന്നുവരികയുംചെയ്തു. പ്രസ്തുതമന്ദിരത്തിൽ അനേകം ബാലികമാർ തയ്യൽപണിയും മറ്റും പഠിക്കുന്നതിനും ദിവ്യകർമ്മങ്ങൾക്കുള്ള പൂജാവസ്തുക്കൾ നെയ്തുകൊടുക്കുന്നതിനും വേദത്തിലും പുണ്യത്തിലും അഭ്യസിക്കുന്നതിനുമായി തങ്ങളുടെ മാതാപിതാക്കന്മാരുടെ ആഗ്രഹപ്രകാരം വാസംചെയ്തിരുന്നു. ഇവരുടെ കൂട്ടത്തിലാണു് ദൈവജനനിആകുവാനിരുന്ന ബാലികായായ മറിയം മാതാപിതാക്കന്മാരുടെ മരണാനന്തരം ജീവിച്ചിരുന്നതു്. അവൾ വളരെചെറുപ്പമായിരുന്നിട്ടും ബുദ്ധിസാമർത്ഥ്യം, പുണ്യാധിക്യം, രൂപലാവണ്യം എന്ന വിശേഷഗുണങ്ങൾകൊണ്ടു മറ്റെല്ലാവരേക്കാം വളരെ കൃത്യതയായി ബഹുമാനിക്കപ്പെട്ടു. ഈ ബാലികാരത്നത്തിന്റെ കീർത്തി സഹവാസികളുടേയും ആചാര്യന്മാരുടേയും ഇടയിൽമാത്രമല്ല ഓറശലം പട്ടണത്തിൽ ആസകലം പ്രചരിച്ചു. എന്നാൽ നമ്മുടെ യൗസേപ്പു് തന്റെ ഏകാന്തവാസം നിമിത്തം ഇങ്ങനെഒരുബാലികയേകുറിച്ചു കേൾക്കപോലുംചെയ്തില്ല. ഒരു രാത്രി മാലാഖാ യൗസേപ്പിനു കാണപ്പെട്ടു. "ദേവാലയത്തോടു ബന്ധിച്ച ബാലികാമന്ദിരത്തിൽ അനിതരസാധാരണമായ ഭക്തിയിൽ വളർന്നുവരുന്ന ഒരുകൊ

ച്ചു കന്യകയുണ്ട്. ദൈവത്തിനു ഇതുയും ഇഷ്ടമുള്ള ഒരു സൃഷ്ടി ലോകത്തിൽ ഇതേവരെ ജനിച്ചിട്ടില്ല. ഇപ്രകാരമുള്ള ഒരമൂ ല്യരത്നത്തെ മനുഷ്യഗണത്തിനു പ്രദാനംചെയ്ത സർവ്വേശ്വരനു പ്രത്യേകവിധത്തിൽ ഉപകാരസ്മരണ ചെയ്യണം. നിനക്കുവള രെ പരിചയമുള്ള യൊവാക്കീം അന്ന എന്ന ദമ്പതിമാരുടെ പു ത്രിയാണു പ്രസ്തുത ബാലിക. അവളുടെ പേരു മറിയം എന്നാ കുന്നു" എന്നു അവനെധരിപ്പിച്ചു.

"മാതൃസഭയെ വിട്ടുപോക്കിക്കയോ? മഹാപാപം!"

(പത്രാധിപർ)



രുവിതാംകൂറിലെ ഒരു അകത്തോലിക്കു് ക്രിസ്ത്യൻ കോളേജിൽ ബി. എ. ക്ലാസിൽ വായിച്ചു കൊണ്ടിരുന്ന ഒരു യാക്കോബായവിദ്യാർത്ഥിയും മാതാപിതാക്കന്മാരും താമസിയാതെ കത്തോലിക്കാസഭയിൽ ചേരുമെന്നു മനസ്സിലാക്കിയ ഒരു കോളേജ് പ്രഥമസർ പ്രസ്തുത വിദ്യാർത്ഥിയെ വിളിച്ചു പറഞ്ഞ വാക്യമാണു് മേലുദ്ധരിച്ചിരിക്കുന്നതു്. ഈദൃശങ്ങളായ ഭീഷണി കളും ഭയപ്പെടുത്തലുകളുമുപയോഗിച്ചു സത്യാന്വേഷികളെ കത്തോലിക്കു് സഭാപ്രവേശത്തിൽ നിന്നു തടയുവാൻ സാധിക്കാതെ വരുമ്പോൾ നമ്മുടെ പ്രഥമസ്ഥാനപ്പെട്ട സമുദായം അവരെ മാതൃഭക്തിയില്ലാത്തവരെന്നും ബുദ്ധിഹീനരെന്നും ദ്രവ്യാഗ്രഹികളെന്നും പറഞ്ഞു അപലപിക്കുകയുമായി! എന്നാൽ മാതൃസഭയേതു്? മാതൃസഭയെ വിട്ടുപിരിഞ്ഞവരാരു്? ഇപ്പോൾ ആശ്ലേഷിക്കുന്നതാരു? എന്നിങ്ങനെയുള്ള ചോദ്യങ്ങളെപ്പറ്റി വേണ്ടവിധത്തിൽ പര്യാലോചന നടത്തുന്നതിനു് ഈയുള്ള പ്രഥമസന്മാക്കപോ

ലും സമയവും സൗകര്യവും ലഭിക്കാത്തതല്ലേ ബഹുവിശേഷം! ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റന്റ പ്രട്ടക്കന്മാരിൽ ഒരാൾ കുറെക്കാലം മുൻപു് കത്തോലിക്കാസഭയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന്റെ തരപ്പെടിക്കാരിൽ ചിലർ അദ്ദേഹത്തെ (Turn Coat) കോട്ടു മറിച്ചിട്ടവൻ എന്നുപറഞ്ഞു പരിഹസിക്കയുണ്ടായി. എന്നാൽ പ്രട്ടവാകട്ടെ, താനല്ലകോട്ടു മറിച്ചിട്ടതെന്നും, അദ്ദേഹത്തിന്റെ പൂവ്വന്മാരിൽ ഒരാൾ നിർഭാഗ്യവശാൽ മറിച്ചിട്ടിരുന്ന ഉടുപ്പിനെ ശരിയായവിധത്തിൽധരിക്കുകമാത്രമാണു് താൻചെയ്തതെന്നും പ്രത്യുത്തരം പറയുകയുണ്ടായി! ഈവിധത്തിലുള്ള ഒരുമറുപടിയാണത്രെ കത്തോലിക്കസഭയിൽ പ്രവേശിക്കുന്ന ഇതരസഭാംഗങ്ങളും മാതൃസഭയെ വിട്ടുപേക്ഷിച്ചവരെന്നുള്ള കാരണത്താൽ അധിക്ഷേപിക്കപ്പെട്ടുമ്പോൾ പറയേണ്ടതു്. അവരുടെ പൂർവികന്മാരിൽ ഒരാൾ നിർഭാഗ്യവശാൽ ഉപേക്ഷിച്ചുകളഞ്ഞ മാതൃസഭയെ വീണ്ടുംസ്വീകരിച്ചു് തന്മൂലം ഒരു മഹാപാപത്തിൽനിന്നു വിമോചനം പ്രാപിക്കുക മാത്രമാണു് തങ്ങളും ചെയ്യുന്നതെന്നുള്ള വാസ്തവം നമ്മുടെ പുനരൈക്യപ്പെട്ട സഹോദരങ്ങളും തങ്ങളുടെ വിഭിന്നസഹോദരങ്ങളെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മലങ്കരസഭ മിശിഹായുടെ ശിഷ്യസത്തമന്മാരിൽ ഒരാളായ വിശുദ്ധ തോമ്മായാൽസ്ഥാപിതമാകയാൽ ആ പ്രാചീനവിശ്വാസത്തിൽനിന്നു പിരിഞ്ഞുപോയിട്ടുള്ളവരെല്ലാം മാതൃസഭയെ വിട്ടുപേക്ഷിച്ചിട്ടുള്ളവരെന്നു പരിഗണിക്കേണ്ടതാണല്ലോ. ക്രിസ്തുവൽസരം ൪൯൬-ാമാണ്ടിടയ്ക്കു ക്രൈസ്തവസഭയിലുണ്ടായിട്ടുള്ള നെസ്തോറിയൻ അബദ്ധോപദേശം പൌരസ്ത്യ സുറിയാനിസഭയെ ആകമാനം കളങ്കിതമാക്കിയെന്നു ധൈര്യപൂർവം വിധിച്ചിട്ടുള്ള ചില ചരിത്രകാരന്മാരുണ്ടെങ്കിലും അവരുടെ അഭിപ്രായം ശരിയല്ലെന്നു കാണിക്കുവാൻ പല ലക്ഷ്യങ്ങളുമുണ്ടു്. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം മദ്ധ്യശതകങ്ങളിൽ റോമ്മാസിംഹാസനത്തോടുള്ള ബന്ധത്തെ തെളിയിക്കുന്നതിനു് ചരിത്രലക്ഷ്യങ്ങൾ ധാരാളമാണു്. കത്തോലിക്കു് തത്വചിശാരദനായ ഇംഗ്ലണ്ടിലെ ആൽഫ്രെഡ് മഹാരാജാവു് ൯-ാം ശതകത്തിൽ ഒരു കത്തോ

ലിക്കു് മെത്രാൻവശം ഇൻഡ്യയിലുള്ള തോമ്മാശ്ലീഹായുടെ ശവ കുടീരത്തിലേക്കു് നേർച്ചകാഴ്ചകൾ അയച്ചതും; ഫ്രഞ്ചുകാർ-ാമാണ്ടിടയ്ക്കു മാർപാപ്പായുടെ പ്രതിനിധി എന്നനിലയിൽ കേരളസന്ദർശനം ചെയ്ത ജോൺ ഡി. മരിഞ്ഞോളി എന്നമെത്രാനെ കൊല്ലത്തെ സുറിയാനി ക്രിസ്ത്യാനികൾഔദ്യോഗികനിലയിൽ സ്വീകരിച്ചതും; ഫ്രഞ്ചുകാർ-ാമാണ്ടിടയ്ക്കു യൂഷിൻ ചതുർത്ഥൻ എന്ന മാർപാപ്പാ കേരളനസ്രാണികളുടെ വിശ്വാസത്തെമ്മല്ലത്തെ പ്രശംസിച്ചു് "മിശിഹായിൽ നമുക്കേറ്റം പ്രിയപുത്രൻ ഇന്ത്യായുടെ മാഹാൽമൃമേറിയ ചക്രവർത്തിയായ തോമ്മായ്ക്കു്" അയച്ചിട്ടുള്ള ലേഖനവും; ഫ്രഞ്ചുകാർ-ാമാണ്ടിൽ വിശുദ്ധഫ്രാൻസിസ്സേവിയർ സുറിയാനിമെത്രാപ്പോലീത്തായായ വിശുദ്ധ യാക്കോബിനെപ്പറ്റി "ജരാക്രാന്തമായ വാർദ്ധക്യദശയിൽ പോലും വിശുദ്ധ മാതാവായ റോമ്മാപള്ളിയുടെ സമസ്തകമ്മങ്ങളെയും മയ്യാദകളെയും അത്യന്തകീഴ്വഴക്കത്തോടുകൂടി അനുവർത്തിച്ചുകൊണ്ടുവരുന്നവനെന്നു" രേഖപ്പെടുത്തിയിട്ടുള്ളതും; മാർപാപ്പായുടെ പ്രതിനിധിയായ ഒരു അംബ്രോസിസ് മെത്രാനോടും കൽദായ പാത്രിയർക്കീസിന്റെ പ്രതിപുരുഷനായ ഒരു ഏലിയാ മെത്രാപ്പോലീത്തായോടുംകൂടി മാർപാപ്പായുടെ ശുപാർശക്കത്തുകൾ സഹിതം മാർയൗസേപ്പു് എന്ന സുറിയാനി മെത്രാൻ മലങ്കരയിൽ വന്നു സഭാഭരണം കൈയേറ്റതും; അനന്തരം മലങ്കരസഭാഭരണം നടത്തിയിട്ടുള്ള മാർ അബ്രാഹത്തിനും പാലൂരിന്റെ മെത്രാനും മാർതോമ്മാ ക്രിസ്ത്യാനികളെല്ലാവരും കീഴ്പെട്ടിരുന്നുകൊള്ളണമെന്നും അക്കാലത്തു്, ഇൻഡ്യായിൽ വന്ന ശെമശോൻ എന്ന നെസ്തോറിയൻ മെത്രാനു വശപ്പെടരുതെന്നും മാർപ്പാപ്പാ കൽപന അയച്ചിട്ടുള്ളതും; ഓർത്താൽ മദ്ധ്യശതകങ്ങളിലെ മലങ്കര സഭ റോമൻ കത്തോലിക്കസഭ ആയ മാതൃസഭയിൽതന്നെ വർത്തിച്ചിരുന്നു എന്നു മനസ്സിലാക്കാവുന്നതാണല്ലോ. മാതൃസഭയെ വിട്ടുപേക്ഷിക്കുക മഹാപാപമായിരുന്നുവെന്നു അക്കാലത്തെ നമ്മുടെ പൂർവികന്മാക്കു് നല്ല ബോധമുണ്ടായിരുന്നു എന്നു് ഇതിൽനിന്നുമനസ്സിലാക്കേണ്ടിയിരിക്കുന്നു. ആകയാൽ മേൽപ്പറഞ്ഞ കോളേജ് പ്രഫസരുടെ തത്പ്രാപദേശം മദ്ധ്യശതകങ്ങളിൽ ജീവിച്ചിരുന്ന നമ്മുടെ പൂർവികന്മാരിൽ സിം

ഹഭാഗത്തിനും അറിയാമായിരുന്നു എന്നു തന്നെ സമ്മതിക്കേണ്ടി യിരിക്കുന്നു.

പക്ഷേ മാതൃസഭാദ്രോഹം ചെയ്യുന്നതിനു കേരള നസ്രാണികളിൽ ഒരു ഗണ്യമായ ഭാഗം കാലാന്തരത്തിൽ മുതിർന്നതായി ചരിത്രം ഘോഷിക്കുന്നുണ്ട്. മാർ യാക്കോബും മാർ യെയ്സേപ്പും മാർ അബ്രാഹവും നയിച്ചിരുന്ന കേരളസഭയുടെ ഭരണം ചത്തീൻ റീത്തിൽപെട്ട മേൽപട്ടക്കാരുടെ കൈവശം വന്നുചേർന്നപ്പോൾ സഭയെ നവീകരിക്കുന്നതിനും ക്രിസ്തീയചൈതന്യത്തെ വർദ്ധിപ്പിക്കുന്നതിനും ഏറ്റവും എളുപ്പമുള്ള മാർഗ്ഗം സുറിയാനി ഭാഷയിലുള്ള ആരാധനക്രമങ്ങളെ ക്രമേണ മാറ്റുന്നതാണെന്നു് അവർ വിശ്വസിക്കയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുതുടങ്ങി. പൌരസ്ത്യരുടെ യാഥാസ്ഥിതികത്വവും പ്രാചീനമായ സുറിയാനി ആരാധനക്രമങ്ങളുടെ മാഹാത്മ്യവും അവക്കു് ഗ്രഹിക്കുവാൻ ത്രാണിയുണ്ടായിരുന്നില്ല. അവിവേകസംപൂർണ്ണമായ ഈ നയവൈകല്യമാണു് ഒടുവിൽ ക്നാനൻകുരിശുസത്യത്തിൽചെന്നു കലാശിച്ചതു്. എന്നാൽ ഈ സത്യം മൂലം മാതൃസഭയെ വിട്ടുപേക്ഷിക്കണമെന്നു നമ്മുടെ പൂർവികന്മാർ ഉദ്ദേശിച്ചിരുന്നില്ല. ഇക്കാര്യം നമുക്കു് അക്കാലത്തെ പോർത്തുഗീസു് രേഖകളിൽനിന്നു മനസ്സിലാകുന്നു. തിരുവിതാംകൂർ ഗവർമ്മെൻറ് പ്രസിദ്ധീകരിച്ചിട്ടുള്ള സ്റ്റേറ്റ് മാന്വൽ എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നതും ക്നാനൻകുരിശുസത്യത്തിനു മുൻപ് നസ്രാണികൾ പറങ്കികളുപ്പിത്താനു കൊടുത്തയച്ചിരുന്നതുമായ ഒരു എഴുത്തിൽ ഇപ്രകാരം കാണുന്നു. "സുറിയാനിഭാഷ പരിചയമുള്ളവനും ഞങ്ങളുടെക്രമങ്ങളെ ഞങ്ങളെ പഠിപ്പിക്കുന്നതിനും അവയിൽ ഞങ്ങളെ സഹായിക്കുന്നതിനും ശേഷിയുള്ള മറ്റു നാലു സന്ന്യാസസഭകളിൽ ഏതെങ്കിലുംഉപപ്പെട്ടവനായ വേറെ ആരെങ്കിലും മാർപ്പാപ്പായുടെ കല്പനപ്രകാരം ഇവിടെവരട്ടെ" ഇതിൽനിന്നു മനസ്സിലാക്കേണ്ടതു് ക്നാനൻകുരിശുസത്യം സുറിയാനിക്രമത്തിനുവേണ്ടി മാത്രമായിരുന്നുവെന്നും അല്ലാതെ മാതൃസഭയ്ക്കെതിരായിട്ടല്ലായിരുന്നു എന്നുമാണല്ലോ. ആകയാൽ അക്കാലത്തും നമ്മുടെ കോളജ്യപ്രഫസരുടെ ഉപദേ

ശം നമുക്കാവശ്യമുണ്ടായിരുന്നില്ല. പക്ഷേ ദുർവാശിയും മത്സര ബുദ്ധിയും വളർന്നപ്പോൾ പുത്തൻക്രൂശുകാരായിനിന്ന നസ്രാണിജനവിഭാഗം മാതൃസഭയെ വിട്ടുപേക്ഷിച്ചു് അന്ത്യോക്യയിലെ യാക്കോബായപാത്രിയക്കീസിൽനിന്നു് ഫ്രൻസ്വാ-മാണ്ടിടക്കു് മേൽപട്ടസ്ഥാനം വാങ്ങിയതോടുകൂടി അവർ മാതൃസഭയെ പരിഷ്കരിക്കുകയുണ്ടായി. ഈ അവസരത്തിൽ നമ്മുടെ കോളജ് പ്രഫസർ ജീവിച്ചിരുന്നു എങ്കിൽ അക്കാലത്തെ തന്റെ പൂർവപിതാക്കന്മാരോടു ന്യായവാദം ചെയ്യുന്നതിനും അവരെ ഒരു മഹാപാപത്തിൽനിന്നു തടയുന്നതിനും സാധിക്കുമായിരുന്നു. പിന്നീടു് ആംഗ്ലിക്കൻ മിഷ്യനറിമാരും യാക്കോബായമെത്രാപ്പോലിത്താമാരും തമ്മിൽ മൈത്രീബന്ധം തുടങ്ങിയതിന്റെ ഫലമായി പ്രോട്ടസ്റ്റന്റുകാർ എന്നൊരുവട്ടം "മാതൃസഭ"യെ വിട്ടുപേക്ഷിച്ച അവസരത്തിലും ഈ തത്വം പ്രത്യേകം ഉപയോഗപ്രദമായിരുന്നേനെ! അധികകാലതാമസംകൂടാതെ മാത്തൻമെത്രാന്റെ അധിപത്യത്തോടുകൂടി നവീകരണപ്രസ്ഥാനം തുടങ്ങിയതിന്റെ ഫലമായി പുത്തൻക്രൂർ "സഭാമാതാവു്"വീണ്ടും വിഭജിക്കപ്പെട്ട അവസരത്തിലും നമ്മുടെ കോളജ് പ്രഫസർചെയ്ത ഈ തത്വോപദേശം പക്ഷേ സ്വീകരിക്കാമായിരുന്നു!

എന്നാൽ സാഹചര്യങ്ങളുടെ പ്രാതികൂല്യംനിമിത്തം മാതൃസഭയെ വിട്ടുപേക്ഷിക്കേണ്ടിവന്ന സഹോദരങ്ങൾക്കു് തങ്ങളുടെ നിലകേടുമനസ്സിലായി, അവർവീണ്ടും മാതൃസഭയെ ആശ്ലേഷിക്കുന്ന ഈഅവസരത്തിൽ നമ്മുടെകോളജ് പ്രഫസർഈവിധന്യായവാദങ്ങൾ ചെയ്തുകാണുന്നതു വെറും അറിവില്ലായ്മയും ബുദ്ധിഹീനതയുമാണെന്നു പറയേണ്ടിയിരിക്കുന്നു. മാതൃസഭയെ തങ്ങളുടെ പൂർവികന്മാർ വിട്ടുപേക്ഷിച്ചതു മഹാപാപംതന്നെ. അവർ അജ്ഞതമൂലം അപ്രകാരംചെയ്തെങ്കിൽ ദൈവം അവരോടു ക്ഷമിച്ചു എന്നുനമുക്കുവിചാരിക്കാം. പക്ഷേ അജ്ഞതകൊണ്ടു കുറ്റംപ്രവർത്തിച്ച പിതാക്കന്മാരോടുകാണിച്ച ദയ, ദൈവം വിജ്ഞന്മാരായ നമ്മോടു് പ്രദർശിപ്പിക്കുകയില്ല. അതുകൊണ്ടു മേല്പറഞ്ഞ കോളജ് പ്രഫസറും പ്രസ്തുത സമുദായാംഗങ്ങളും — ദൈവത്തെ

ഗ്രഹത്താൽ വിജ്ഞാനസമ്പന്നരായ ആസഹോദരങ്ങളം—നിസ്സാരമായ അഭിമാനത്തെയോ അഹംഭാവത്തെയോ ഗണിക്കാതെ—തങ്ങളുടെ പൂർവ്വികന്മാർചെയ്തപോയ അബദ്ധത്തിൽ അഭിമാനിക്കാതെ—മാതൃസഭയോടുപുനരൈക്യപ്പെട്ട്, ഒരുമഹാപാപത്തിൽ നിന്നും സഭയം മോചനം പ്രാപിക്കുവാൻ ഇനിയും കാലതാമസംവരുത്തുവാൻ പാടില്ല.

മരിച്ചവക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ പ്രാത്ഥിക്കണമോ?

II.

(ശ്രീമാൻ എൻ. എക്സ്. കുഞ്ഞൻ. ബീ. എ. ബീ. എൽ)

ഇനിയും ന്യായമായിഉണ്ടാകാവുന്ന പ്രശ്നം ഇദ്ദേഹത്തിന്റെ ദേഹി എവിടെനിന്നാണോ ആസ്ഥലത്തുവരുന്നതു്--അല്ലെങ്കിൽ എങ്ങനെയാണു് അവിടെകാണപ്പെട്ടന്നതു്! അദ്ദേഹത്തിന്റെ ആത്മാവു് നരകത്തിൽനിന്നുമല്ല സ്വർഗ്ഗത്തിൽനിന്നുമല്ല അവിടെവരുന്നതു്. കർബാനയുടെ (വിശുദ്ധബലിയുടെ) സാഫല്യത്താലും അതിനെ അണയുന്ന പുരോഹിതന്റേയും ഭാഗഭാക്കുകളാകുന്ന വിശ്വാസികളുടെ ഗണത്തിന്റേയും പ്രാത്ഥനകളാലും സമാധാനം ലഭിക്കാവുന്നമറെറാരു സ്ഥാനത്തുനിന്നുമായിരുന്ന ആ നോർബട്ട വില്ലിയുടെ ദേഹിപ്രത്യക്ഷനായതു്.

ഞാൻ ഇതുയുംപറഞ്ഞതുകൊണ്ടു ഈ സംഭവംകണ്ടുകൊണ്ടിരിക്കുന്ന പ്രോട്ടസ്റ്റന്റു പണ്ഡിതന്മാർഎല്ലാം ഇപ്രകാരം സമ്മതിക്കുന്നുവെന്നു ധരിക്കരുതു്. റവറണ്ടു് മീയർഡിത്തു എന്ന അവിടത്തെ പ്രസിദ്ധനായ പ്രോട്ടസ്റ്റന്റു പാതിരിയുടെ ഈ

സംഭവത്തേപ്പറ്റിയുള്ള അഭിപ്രായം ശ്രദ്ധേയമാണു്. നോർബർട്ടവില്ലിയുടെ ദേഹി ഇങ്ങനെ കാണപ്പെട്ടതിനെ താൻ വിശ്വസിക്കുന്നു എന്നും ഇങ്ങനെയുള്ള സംഭവങ്ങളും ഉണ്ടാകാവുന്നതാണെന്നും അദ്ദേഹം സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ ഇത്രത്തോളം സമ്മതത്തെ നമ്മളും സമ്മതിക്കാം. എന്നാൽ പരേതനായ വില്ലിയുടെ പ്രാദുർഭാവത്തിന്റെ കാരണത്തേപ്പറ്റിയുള്ള യുക്തിവാദം സുഗ്രാഹ്യമായിരിക്കുന്നില്ല.

മീയർഡിത്തു എന്താണു പറയുന്നതെന്നു നോക്കാം. കത്തോലിക്കരെസംബന്ധിച്ചുനടക്കുന്ന അത്ഭുതസംഭവങ്ങളിൽ പലതും സൂക്ഷ്മമായി അറിഞ്ഞിട്ടുള്ള ഒരു മനുഷ്യനാണു് ഇദ്ദേഹം എന്നതോർക്കുക. ഏതെങ്കിലും വർത്തമാനകാലത്തുതന്നെ നടന്നിട്ടുള്ള മറെറാരുസംഭവംകൂടി അദ്ദേഹം എടുത്തുപറയുന്നുണ്ടു്. മഹായുദ്ധകാലത്തു ഒരു ബ്രിട്ടീഷുസൈന്യാധിപൻ ഒരു കന്യകാമഠത്തിനു സമീപം പാളയംഉറപ്പിച്ചിരുന്നു. അദ്ദേഹം വിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ യൗവ്വനയുക്തയായ ഒരു കന്യാസ്ത്രീ അടുക്കൽചെന്നു യുദ്ധത്തേപ്പറ്റി സംസാരിച്ചു. എന്നാൽ പൌരുഷശാലിയായ നമ്മുടെ പട്ടാള ഉദ്യോഗസ്ഥയുടെ ഗാംഭീര്യസംയുക്തമായ മനഃസ്ഥിതിക്കു ഈ സാധുവായ കന്യകയുടെ ആഗമനവും യുദ്ധവിഷയത്തേപ്പറ്റിയുള്ള അഭിപ്രായപ്രകടനവും അശേഷംഉചിതമായിതോന്നിയില്ല. കന്യക അപ്രത്യക്ഷയായ ഉടനേതന്നെ ഉദ്യോഗസ്ഥൻ മഠത്തിൽചെന്നു "ശ്രേഷ്ഠത്തി"യെ വിളിച്ചു. കന്യാസ്ത്രീകളുടെ ശിക്ഷാക്രമംകുറച്ചുകൂടി കായ്മയായി നോക്കണമെന്നും അവിടത്തെ ഒരു കന്യാസ്ത്രീ അന്നുതന്റെ സമീപെ അനുവാദംകൂടാതെചെന്നു തന്നെ അസഹ്യപ്പെടുത്തിയെന്നും ഉദ്യോഗസ്ഥൻ പറഞ്ഞു. ഇങ്ങനെ സംഭവിപ്പാൻ ഇടയില്ലെന്നു ശ്രേഷ്ഠത്തി പറഞ്ഞതിനു ഉദ്യോഗസ്ഥനാകട്ടെ കന്യാസ്ത്രീകളെ എല്ലാം തന്റെ മുമ്പിൽ നിരത്തിനിറുത്തുന്നതായാൽ പ്രസ്തുത കന്യാസ്ത്രീയെ കാണിച്ചുകൊടുക്കാമെന്നു ശഠിച്ചു. അതുകയാൽ കന്യാസ്ത്രീകളെഎല്ലാം നിരത്തി ഉദ്യോഗസ്ഥന്റെ മുൻപിൽനിത്തി. എന്നാൽ അതുക്കുട്ടത്തിൽ ടി കന്യാസ്ത്രീയെകണ്ടില്ല. വേറെകന്യാ

സ്ത്രീകളും ആ മഠത്തിൽ ഇല്ലെന്നും ആപ്രദേശങ്ങളിലൊന്നും വേറെ കന്യാസ്ത്രീമഠം ഇല്ലെന്നും അറിഞ്ഞപ്പോൾ നമ്മുടെ സൈനിക നായകൻ അത്ഭുതപരതന്ത്രനായി. എന്നാൽ ബുദ്ധിമതിയും പുണ്യവതിയുമായ ആ ശ്രേഷ്ഠാത്തിയമ്മയ്ക്കു പട്ടാളഉദ്യോഗസ്ഥനേ വിഷമിപ്പിച്ച കന്യാസ്ത്രീ ഏതാണെന്നുമനസ്സിലായി. അവർ സൈന്യനായകനെ അവിടെ ഭദ്രമായി സ്ഥാപിച്ചിരുന്ന ഒരു മനോഹരമായ ചിത്രത്തിന്റെ അടുക്കലേക്കു ആനയിച്ചുകൊണ്ടു "നോക്കണം ഈ കന്യാസ്ത്രീയാണോ നിങ്ങളുടെഅടുക്കൽവന്നതു?" എന്നുചോദിച്ചു. ഉദ്യോഗസ്ഥനാകട്ടെ "അതേ അതേ ഇവർതന്നെ" എന്ന കള്ളപ്പുള്ളിയേകണ്ടുപിടിച്ച സന്തോഷത്തോടുകൂടി സാവേഗമായി ആവർത്തിച്ചു. അപ്പോൾ ശ്രേഷ്ഠാത്തിഅമ്മ ഇവർ ആരാണെന്നു ചിത്രത്തിന്റെ ചുവട്ടിൽ അച്ചടിച്ചിരുന്നതു വായിക്കാൻ ഉദ്യോഗസ്ഥനോടു പറഞ്ഞു. അദ്ദേഹം "Little Teresa of Child Jesus" (ഉണ്ണിയേശുവിന്റെ കൊച്ചുത്രേസ്യാ) എന്നുവായിച്ചു. ശ്രേഷ്ഠാത്തിയമ്മ, "ഇവർ ഭൂമിയിലല്ല സ്വർഗ്ഗത്തിലാണു്! ഇവർ മരിച്ചിട്ടു ചില്വർഷങ്ങൾകഴിഞ്ഞിരിക്കുന്നു." എന്നുപറഞ്ഞു. ഈ സംഭവത്തെപ്പറ്റിയാണു ഇതേവാക്കുകളിലല്ലെങ്കിലും റവറണ്ടുമീയർഡിത്തുപ്രസ്താവിച്ചതു്. മരിച്ചുപോയ കൊച്ചുത്രേസ്യാപുണ്യവതി സൈനികോദ്യോഗസ്ഥനു കാണപ്പെട്ടതും നോർബട്ടുവില്ലി ലസിസ്റ്റർദേവാലയത്തിൽ കാണപ്പെടുന്നതും എങ്ങനെയാണു്? റവറണ്ടു മീയർഡിത്തു പറയുന്നകാരണം എനിക്കു സുഗ്രാഹ്യമായിരിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ അപ്രത്യക്ഷരായ ആളുകളുടെ സ്ഥൂലശരീരം അങ്ങനെ കാണപ്പെടാമെന്നു അദ്ദേഹംപറയുന്നു! ആ സ്ഥൂലശരീരം സംസാരിക്കുകയും ചെയ്യുമായിരിക്കാം!!.

ഏതായാലും കൊച്ചുത്രേസ്യാപുണ്യവതി പട്ടാള ഉദ്യോഗസ്ഥനോടു പറഞ്ഞതു മൈക്കു കക്ഷികൾക്കു ജയിക്കുമെന്നായിരുന്നു. അതുതന്നെ അപ്രകാരം സംഭവിച്ചു. നോർബട്ടുവില്ലി ബ. പുരോഹിതനോടും ജനങ്ങളോടും അപേക്ഷിച്ചതു അവർ പ്രാർത്ഥിക്കണമെന്നും അതുകൊണ്ടു തനിക്കു സമാധാനം കിട്ടുമെന്നുമായി

രുന്നു. പിന്നെ അദ്ദേഹത്തെപ്പറ്റി കേൾക്കാത്തതുകൊണ്ടു അവർ പ്രാർത്ഥിച്ചെന്നും അതുകൊണ്ടു അദ്ദേഹത്തിനു നിത്യസമാധാനം കിട്ടിയെന്നും നമുക്കുവിചാരിക്കാം. അന്ധകാരത്തിൽകൊണ്ടുചാടിക്കുന്ന അഭിപ്രായങ്ങളും അനുമാനങ്ങളും യഥാർത്ഥമായകാര്യത്തിൽ ഊഹമാത്രങ്ങളായ കാരണങ്ങളേകണ്ടുപിടിക്കാൻ ശ്രമിക്കുന്നവർക്കായി നമുക്കുമാറിനിന്നുകൊടുക്കാം.

"കർത്താവേ! നിത്യ
സമാധാനം അവർക്കു നൽകുമാറാകേണമേ"

കത്തോലിക്കു

ലഘുലേഖാപ്രചരണം.

(കുഴുൻ ജെ. വള്ളവൻതറ)

കത്തോലിക്കു മതവിഷയങ്ങളെ പുരസ്കരിച്ചു് പണ്ഡിതന്മാരാൽ വിരചിതങ്ങളായ ചെറുഗ്രന്ഥങ്ങളെമാത്രമേ 'കത്തോലിക്കു ലഘുലേഖകൾ' എന്ന നാമംകൊണ്ടു് ഞാൻ വിവക്ഷിക്കുന്നുള്ളു. ഈ ലഘുലേഖകളുടെ ശക്തിയും അതിൽനിന്നു ലഭിക്കുന്ന ഫലങ്ങളും നമുക്കേവർക്കും അറിയാവുന്നതാണു്. "ക്രിസ്തീയ പ്രസിദ്ധീകരണങ്ങളെ യഥാവിധി ഉപയോഗിക്കാത്തതുകൊണ്ടാണു് വേദപ്രചരണവേലകൾ വ്യർത്ഥപരിണമിക്കുന്നതു്" എന്നാണു് സുസ്മരണാർഹനായ പത്താം പിയൂസു് പാപ്പാ അരുൾചെയ്തിരിക്കുന്നതു്. "കത്തോലിക്കു പ്രസിദ്ധീകരണങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഏതു ത്യാഗവും ചെയ്യുന്നതിനു ഞാൻ സന്നദ്ധനാണു്. എന്റെ കുരിശും മോതിരവുംകൂടി പണയംവെക്കാൻ ഞാൻ ഒരുക്കമാണു്" എന്നു് അദ്ദേഹം പിന്നെയും അറിയിക്കുന്നു. എം. സി. വൈ. എൽ. പ്രസിദ്ധീകരണങ്ങളും, കൺവേർഷൻലീഗ് പ്രസിദ്ധീകരണങ്ങളും, കുസുമഗ്രന്ഥാവലി തുടങ്ങിയ എത്രയോ പ്രസിദ്ധീകരണങ്ങളും ഇപ്പോഴും പ്രചരിച്ചുവരുന്നുണ്ടു്. എന്നാൽ മതസംബന്ധമായ ഗ്രന്ഥങ്ങളും ശുദ്ധമായഭാഷ

യിൽ രചിക്കപ്പെട്ടാലെ ആശാനുകൂലമായഫലം സംപ്രാപ്തമാകൂ. ഇക്കാലത്തു ഒരുപുസ്തകം കൈയിൽകിട്ടിയാൽ അതിൽ സാഹിത്യഗുണമുണ്ടോ എന്നാണ് ആദ്യമായിനോക്കുന്നത്. അതിനാൽ സനാതനകത്തോലിക്കസഭയുടെ പാവനങ്ങളും അനിഷേദ്ധ്യങ്ങളുമായപഠനങ്ങൾ "സാഹിത്യപീതാംബരത്തോടും,ഭാഷാസംശുദ്ധിയോടും, അക്ലിഷ്ടപദധാടിയോടും, പ്രകടസാരള്യത്തോടുംകൂടി ഗ്രന്ഥരൂപത്തിലൊ, ലേഖനരൂപേണയൊ വെളിക്കാകുന്നപക്ഷം അതുരം ഒന്നുവായിക്കുമെന്നുള്ളതു നിസ്സംശയമത്രെ." പരിശുദ്ധപിതാവു് തിരുമനസ്സുകൊണ്ടു് "റേരും ഓമ്നിയും" എന്ന തിരുലേഖനം വഴി ഫ്റാൻസീനു് സാലേസിനെ കത്തോലിക്കസാഹിത്യകാരന്മാക്കു് ഒരു സ്വർഗ്ഗീയ രക്ഷാധികാരിയായി നിശ്ചയിച്ചശേഷം താഴെകാണുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "അതേരീതിയിലുള്ള ഭാഷാശൈലിയും, ഭാഷാഭംഗിയും അവർപ്രയോഗിക്കട്ടെ. വായനക്കാർ സത്യത്തിൽ ആനന്ദിക്കുമാറു തങ്ങളുടെ ആശയങ്ങളെ വൈശാരദ്യത്തോടും, ഹൃദയാകർഷകമായവിധത്തിലും അവർ ആവിഷ്ക്കരിക്കട്ടെ." പത്രപ്രവർത്തനത്തിന്റെപാപ്പാഎന്ന അപരനാമത്താൽ പ്രഖ്യാതനായ പതിനൊന്നാംപീയുസ് പാപ്പാ തിരുമനസ്സുകൊണ്ടു് റോമിലെകത്തോലിക്കു് പത്രപ്രവർത്തകന്മാരുടെ ഒരു സംഘത്തിനു സന്ദർശനം നല്കിയപ്പോൾ "നാമും ഒരുകാലത്തു ഒരു പത്രപ്രവർത്തകനായിരുന്നു" എന്ന അഭിമാനപൂർവ്വം പ്രസ്താവിച്ചതു കത്തോലിക്കു പത്രപ്രവർത്തകന്മാക്കു നിശ്ചയമായും പ്രോത്സാഹജനകമാണു്. ഇതെല്ലാം കത്തോലിക്കു പ്രസിദ്ധീകരണങ്ങളുടെ വലിയവിലയേയും ശക്തിയേയും വിളിച്ചറിയിക്കയാണു് ചെയ്യുന്നതു്. നാമുടെ മതപ്രസംഗങ്ങൾ അനുശ്രവിച്ചില്ലെന്നുവരാം. എന്നാൽ പുസ്തകങ്ങൾക്കു പ്രവേശനമില്ലാത്ത സ്ഥലമില്ലല്ലോ. അതിന്റെ നിസ്സാരമായ വില ആരെയും ഒന്നുവാങ്ങിക്കുന്നതിനു പ്രേരിപ്പിക്കും. കത്തോലിക്കു പ്രസിദ്ധീകരണങ്ങൾ ധാരാളമായി അച്ചടിച്ചുവിടുകയും, അതു അകത്തോലിക്കരുടെയിടയിൽ പരക്കെ പ്രചരിപ്പിക്കയും ചെയ്യണം. സൗജന്യവിതരണം നിതരാം ആശാസ്യംതന്നെ. "സൽഗ്രന്ഥങ്ങൾ തങ്ങളുടെ സഹോദരങ്ങൾക്കു നല്കിക്കൊണ്ടു നിത്യജീവന്റെ

ഉറവകളെ അവക്കു തുറന്നുകൊടുക്കുന്നവക്കുള്ള പ്രതിഫലം എത്ര വലുതു!" (ക്രിസ്താനുകരണം).

പ്രത്യേകവിജ്ഞാപനം

കത്തോലിക്കസഭയുടെ തത്വങ്ങളും ചരിത്രഭാഗങ്ങളും ഇവയെ വിവരിക്കുന്ന പത്രങ്ങളും, മാസികകളും പുസ്തകങ്ങളും എന്നിവയുടെ പ്രതികളും പല കത്തോലിക്കരുടെ കൈവശത്തിലും ഉണ്ടായിരിക്കാം. ചിലർ പുതുമോടിക്കു് ഒന്നുവായിച്ചശേഷം അവയെ ചിതലിന്റെ മുതലായി ചവറുകൂട്ടയിൽ എറിഞ്ഞുകളഞ്ഞേക്കും വരാം. എന്നാൽ അവയെ ശരിയായി ഉപയോഗിക്കുന്നതിനുള്ള ഒരുവിശിഷ്ടമാർഗ്ഗം കേട്ടാലും! കത്തോലിക്കു് സഭയെപ്പറ്റി അറിയുന്നതിനും പഠിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘം ജനങ്ങളും നമ്മുടെ ഇടയിൽത്തന്നെയുണ്ടു്. അവരുടെയിടയിൽ നമ്മുടെ പത്രങ്ങളും മാസികകളും പുസ്തകങ്ങളും പ്രചരിപ്പിച്ചു് കത്തോലിക്കു സത്യസഭയെ അഭിവൃദ്ധിപ്പെട്ടുത്തണമെന്നു വിചാരിക്കുന്നവർ അവയെ താഴെ കാണുന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കുക!

റവ. ഫാദർ ഗീവറുഗീസു്

കത്തോലിക്കു് പ്രത്രാസന മന്ദിരം

തിരുവല്ലാ.

ക്ലബ്ബുടമസ്ഥൻ: ഹേ! ചോറുണ്ടുകഴിഞ്ഞു വെറുതേപോയാൽമതിയോ? ചക്രം തന്നേച്ചു പോണംഹേ!

വഴിപോക്കൻ: ക്ഷമിക്കണേ! നാളെത്തന്നെതരാം. പീച്ചയാണു്!

ക്ലബ്ബുടമസ്ഥൻ: ഏയ്യഹേ! അവധികേൽക്കാൻ ഞങ്ങളെന്താ പത്രക്കാരോ മാസികക്കാരോഅണേ.?

കാനാവിലെ കല്യാണം.

(ടി സി. തോമസ്സ്, മേല്പുവു)

(ഗാഥ)

(ജനോവപർവത്തിന്റെ രീതിയും ആവാം.)

നേരം പുലർച്ചയായ് ഭാസ്കരബിംബവും
പാരം പ്രകാശിച്ചുയർന്നു പാരിൽ.
അന്നേരം ദിങ്മുഖദേവിയാളേറവും
സന്നമായ് തുമന്ദഹാസം തൂകീ-
ഉല്ലാസശ്രേണിതൻ മന്ദമാരുതനും
മെല്ലവെ വീശികിഴക്കുനിന്നും.
സല്ലീലനീശോതൻ മാഹാത്മ്യഗാനത്തിൻ
ചില്ലവിപാടി നൽപക്ഷിജാലം-
കന്യകാസൂനവിൻ സ്നേഹമാം പൂമണം
മന്നിടെ ചിന്നിപ്പരക്കയാലെ-
സന്നദ്ധമാനസരാമോദം പൂണ്ടിട്ടു-
സന്തതിപാടിയടുത്തുനിത്യം
ഈശൃശുമായൊരുവേളയിൽ കാനാവി
ലുള്ളൊരു ധന്യന്റെ വാർത്തചൊല്ലാം.
കല്യാനമദ്ദേഹമാഡംബരപൂർവം
കല്യാണം നിശ്ചയിച്ചുല്ലലെന്യേ.
കത്തുകളെത്തിച്ചുങ്ങല്ലാവർക്കും മുന്നേ
മെത്തും വട്ടങ്ങളൊരുക്കി വീട്ടിൽ
വീടും പരിസരദേശവും മോടിയിൽ
കേട്ടുകൾപോക്കി വെടിപ്പുമേറ്റി-
പൂമണിമേടതനുമുന്നിലായ് പൊക്കത്തിൽ
കേമമായ് പന്തലൊന്നിട്ടുവേഗം.
വെള്ളത്തുകിലുകൾകൊണ്ടു വിരിച്ചു-

നല്ലെല്ലാം മാനംപോൽ വെൺമയാക്കി-
നാനാവണ്ണരസഗോളവിളക്കുകം
തോരണമാലകം ചാത്തി ഭംഗ്യാ-
സപ്തവർണ്ണത്തെവെല്ലുന്ന കാന്തിതിളങ്ങുന്ന
വർണ്ണത്തകിടുകംകൊണ്ടുചെമ്മെ-
ഓരോരൊ ചിത്രങ്ങൾ ചെയ്ത പതിച്ചതു
പാരംപ്രകാശിപ്പു മിന്നൽ പോലെ
കല്യാണമണ്ഡപം വിണ്ണിനു തുല്യമായ്
കല്യാണത്രപനം ചൊൽകയാലെ
വാദ്യഘോഷാദിയും നാനാവിഭവവും.
സദ്യയ്ക്കുവേണ്ടത്ര സജ്ജമാക്കി-
പന്തലിൻ പ്രാന്തയിലഞ്ചാറു കല്പാത്രം
ചന്തമായ് തോയം നിറച്ചുവച്ചു.
പേരാളുമാളുകം സാധുക്കളൊക്കെയും
ധാരാളം വന്നു നിരന്നു തത്ര.
ആ ജനതാരങ്ങം മദ്ധ്യത്തിലീശോയും.
രാജിപ്പൂരാവിങ്കൽ സോമനേപ്പോൽ.
പങ്കജനേർമുഖിമേരിയാമമ്മയും
മങ്കമാർ വൃന്ദത്തിനേകികാന്തി-
വൈവാഹകമ്മങ്ങളം ചെമ്മെ കഴിഞ്ഞപ്പോൾ
നിർവ്യാജസംതൃപ്തി പൂണ്ടുലോകം.
പന്തിയായ് പന്തലിലെല്ലാവരുമിരു—
ന്നുല്ലാസവായ്പോടെ ഭക്ഷിപ്പാനായ്
വെൺമ തിളങ്ങുന്ന നിർമ്മലപാത്രത്തിൽ
മേന്മയേറുന്ന നൽഭോജ്യമെല്ലാം
കൈത്തണ്ടരണ്ടിലുമേന്തിയതിവേഗം
ചിത്തം കളുക്കെ വിളമ്പി ഭൃത്യർ
മഞ്ഞുള്ളമായുള്ള പാനപാത്രങ്ങളിൽ
വീഞ്ഞും പകർന്നവക്കേകിയപ്പോൾ
വീഞ്ഞുതീർന്നൊരുള്ള ഭൃത്യൻ തൻമന്ത്രങ്ങം
നെഞ്ചു പിളർത്തിയാസ്വാമിക്കേറ്റം

ഒന്നും കുറയരുതെന്നുള്ള ഭാവത്തിൽ
നന്നായ് സകലമൊരുക്കിയല്ലൊ.
പെട്ടെന്നു ചെയ്യേണ്ടതെന്താണു വീഞ്ഞിന്നു
കഷ്ടം! സമീപത്തു കിട്ടുകില്ലാ.
ഈവിധമോരോന്നുചൊല്ലിപ്പുരുഷന്മാ
ളീശോ തന്നന്തികെ ചെന്നു മേരീ.
വീഞ്ഞില്ലയെന്നവർ ചൊല്ലുന്നെന്നോമനേ!
എന്നുള്ളുരുകി ഞാൻ നിന്നീടുന്നു.
തള്ള തന്നുള്ളിനെയുള്ളപോൽ ബോധിച്ച—
ങ്ങീശോയും ചൊല്ലിനാൻ ഭക്തിപൂർവം
മൽപ്രിയമാതാവെ എന്തു നമുക്കിപ്പോൾ?
മാമക നാഴിക വന്നതില്ല.
തേഞ്ഞോരും വാണിയാമമ്മ ഗ്രഹിച്ചതു
അഞ്ഞാതെ ഭൃത്യരോടേവമോതി.
എന്മകൻ കല്പിക്കും കായ്ങ്ങളൊക്കെയും
മേന്മയോടേവരും ചെയ്‌വിനിപ്പോൾ
ഏവരുമീശോ തന്നാനനപത്മത്തിൽ
നോക്കിനിന്നെന്തുതാൻ ചെയ്യുമെന്നു്
ആഗ്രഹമുള്ളോരെ തൃപ്തിപ്പെടുത്തുവാൻ
ആഗ്രഹമീശോയിക്കേറെയല്ലൊ.
വിശ്വാസമുറപ്പിക്കൊണ്ടു പ്രാർത്ഥനചെയ്തെന്നാൽ
ഈശോതാൻ കേൾക്കും ഫലങ്ങളേകും
കൽപാത്രമാറിലും വെള്ളം നിറയ്ക്കുവാൻ
സൽപുരനായകൻ ചൊന്നനേരം
വക്കോളം ഭൃത്യന്മാർ വെള്ളം നിറച്ചതു
ചിക്കെന്നങ്ങീശോതൻ മുമ്പിൽ വെച്ചാർ
ഈശോതൻ വാക്കിനാൽ വെള്ളവും വീഞ്ഞായി
ഈശോയിക്കെന്താണസാദ്ധ്യകായ്മ
ഒന്നാന്തരം വീഞ്ഞെന്നെല്ലാവരും ചൊല്ലി
നന്ദിപൂണ്ടീശോയെ വാഴ്ത്തിയപ്പോൾ-

പട്ടാളക്കാരന്റെ പാസ്പോർട്ട്.

(റവാദർ എജീദിയോസ്. സി. ഡി.)

പരിഷ്ക്കാരാഭിവൃദ്ധികൊണ്ടും സമ്പൽസമൃദ്ധികൊണ്ടും ഉന്നതമായ ഒരു നിലയെ അവലംബിച്ചിരുന്ന ഫ്റാൻസിന്റെ തലസ്ഥാനപട്ടണമായപാരീസിലുള്ള ഒരു പ്രസിദ്ധതെരുവിൽ, ഒരു പാവപ്പെട്ടസ്ത്രീരത്നംആസന്നമരണയായികിടക്കുന്നു. അവളുടെ കട്ടിലിനരികെ, ദുഃഖാധിക്യത്താൽവിറ, തണുപ്പാൽവിറയ്ക്കുന്ന ഒരു ചെറുബാലനും നിൽപ്പുണ്ട്. അവന്റെ സ്നേഹപിതാവ് ലോകത്തോട് അന്ത്യയാത്ര ചൊല്ലിയിട്ട് ഇനിയും അധികനാളായിട്ടില്ല. ഹാ! കഷ്ടം!! ഇതാ സ്നേഹമാതാവും അവനിൽനിന്നു എന്നേക്കുമായി പിരിയുവാൻ പോകുന്നു. അവളുടെ സംസാരവശം നശിക്കാറായി. മരണാവസരം അടുത്തുതന്നെവന്നു. അശ്വാസത്തിനായി അവൾ ചുറ്റുംനോക്കുന്നു. എന്നാൽ ലോകവും ബന്ധുമിത്രാദികളും അവളെ കൈവെടിഞ്ഞു. ഈ സങ്കടാവസ്ഥയിൽ അവൾ, ഭിത്തിയിൽ തൂക്കിയിട്ടിരുന്ന ദൈവമാതാവിന്റെ ഒരു പടത്തിന്മേൽ നിത്യമായി അടയാറായിരിക്കുന്ന തന്റെ കണ്ണുകളെ ആർദ്രതയോടെ പതിക്കുന്നു. നോക്കുംതോറും സമാധാനവും ശാന്തിയും അവളുടെ മുഖത്തു വർദ്ധമാനമായിക്കാണപ്പെടുന്നു. എങ്കിലും മരണസമയം ക്ഷണംതോറും അടുത്തുതന്നെയാണെന്നവന്നു. ഒടുവിൽ അവൾ തന്റെ അരുമസന്താനത്തെ അരികെ വിളിച്ചുനിറുത്തി പറഞ്ഞതായു; "അംഫോൻസ്സേ! എന്റെ ഓമൽസന്താനമേ! ദൈവചിത്തം നിറവേറട്ടേ. എന്റെ ആശീർവാദം നിനക്കു ഞാൻ തരുകയും നമ്മുടെ അമ്മയായ പരിശുദ്ധകന്യകമറിയത്തിനു നിന്നെ ഞാൻഭരമേൽപിക്കുകയുംചെയ്യുന്നു. ആ വാത്സല്യമമ്മ, നിന്റെസാക്ഷാൽ അമ്മയായിരിക്കും." എന്നിങ്ങനെ പറയുകയിൽ അംഫോൻസിന്റെ കണ്ണുകളിൽനിന്നു ചുടുകണങ്ങളം ധാരധാരയായി പ്രവഹിച്ചുതുടങ്ങി. സ്വൽപം കഴിഞ്ഞപ്പോൾ അവൾ, ശേഷിച്ചിരു

ന്ന ശക്തി ഉപയോഗിച്ചു തലയിണക്കു കീഴെ സൂക്ഷിച്ചിരുന്ന ഒരു ജപമാലയെടുത്തു് അവനെ കാണിച്ചുകൊണ്ടു് 'എന്റെ പ്രിയമകനെ! നാം ഇന്നിയും തമ്മിൽകാണുന്നതുവരെ മുടക്കാതെഇതു ജപിക്കുകയും അങ്ങനെ ചെയ്യുമ്പോൾ എന്നെഓർക്കുകയും ചെയ്യാം എന്നു് എന്നോടു് വാഗ്ദാനംചെയ്ക"എന്നുപറഞ്ഞു. ഉടനെ അവൻഅതു് ബഹുമാനത്തോടെ വാങ്ങിച്ചു സ്നേഹപുരസ്സരം ചുംബിച്ചുകൊണ്ടു് ഗൽഗദേന്ദ്രാത്തോടെ 'എന്റെ പ്രിയഅമ്മേ! ഞാൻ വാഗ്ദാനംചെയ്യുന്നു,എന്നുപറഞ്ഞു. ഉടനെ അവൾ എന്റെഓമനേ! നമ്മുടെ അമ്മയായ സ്വർഗ്ഗരാജ്ഞി നിന്നെ അനുഗ്രഹിക്കട്ടേ. സ്വസ്തി. നാം തമ്മിൽ—സ്വർഗ്ഗത്തിൽ—"എന്നുപറഞ്ഞു തീരുന്നതിനു മുമ്പായി അവൾ അന്ത്യശ്വാസംവിടുകയും പ്രാണനെ നിത്യപിതാവിനു സമർപ്പിക്കുകയുംചെയ്തു.

പ്രസ്തുത സംഭവംകഴിഞ്ഞിട്ടു് ആണ്ടുകൾപലതുകഴിഞ്ഞു. നമ്മുടെ അൽഫോൻസ് ബാല്യത്തിൽനിന്നു യൗവനത്തിലേക്കുപ്രവേശിച്ചു. പ്രകൃത്യാതന്നെ ധീരനായിരുന്നതിനാൽ അവൻ പട്ടാളത്തിൽചേരുകയും അധികതാമസമെന്യേ ഫ്റഞ്ചുസൈന്യത്തിന്റെ ഒരുനേതാവായിത്തീരുകയുംചെയ്തു. ആഫ്റിക്കായിൽ ഐസിലി ദേശത്തുവച്ചുനടന്ന ഭയങ്കരപോരാട്ടത്തിൽ വെച്ചുഅയാൾ പ്രദർശിപ്പിച്ച ധീരതയും, ശൂരതയും, മുഖാന്തിരം 'ലീജിയൻഓഫ് ഓണർ, എന്നമഹോന്നതസ്ഥാനത്തിനു് അർഹനായി. അതിന്റെശേഷം ക്രീമിയൻയുദ്ധത്തിലും, ആൽമായുദ്ധത്തിലും, അയാൾ പങ്കെടുക്കുകയും ഏറ്റം പ്രശസ്തമായ വിധത്തിൽ വിജയം പ്രാപിക്കുകയുംചെയ്തു.

ഇപ്രകാരം മഹാകീർത്തിയോടെ ജീവിതം നയിക്കുവാൻ തുടങ്ങിയപ്പോൾ അയാളുടെ ക്രൈതജീവിതത്തിനു് മാന്ദ്യം ഭവിച്ചുതുടങ്ങി. സ്വതന്ത്രമായ പട്ടാളജീവിതമുറയും നിരവധിജോലികളും അയാളെ നേർവഴിയിൽനിന്നു മാറ്റിക്കളഞ്ഞു. എങ്കിലും വാത്സല്യ മാതാവിനോടുള്ള വാഞ്ഛത്തം നിറവേറുന്നതിൽ വളരെ ജാഗ്രത അയാൾ പ്രദർശിപ്പിച്ചിരുന്നു. ക്രൈതകൊണ്ടു് എന്നു

തിദിനക്കാൾ അമ്മയോടുള്ള സ്നേഹത്താലാണു് അതു് നിറവേറ്റിയിരുന്നതു്. അവളുടെ ആഗ്രഹിസ്സു് നഷ്ടപ്പെടുമല്ലോ എന്നുള്ളവിചാരമാണു് അയാളെ കൃത്യനിർവഹണത്തിനു് സദാപ്രേരിപ്പിച്ചതു്.

ഒരു ദിവസം നേരംസന്ധ്യയാകാറായി. അസ്തമയസൂര്യൻപശ്ചിമാബ്ധിയിൽ മറഞ്ഞുകഴിഞ്ഞു. നമ്മുടെ അൽഫോൻസു് നിരവധിജോലികളാൽ ക്ഷീണിച്ചു ക്വാർട്ടറിൽവന്നു കട്ടിലിൽ കയറി ഗാഢനിദ്രയുംപ്രാപിച്ചു. ഈ തരുണത്തിൽ അയാളുടെ നിദ്രയെ ഭഞ്ജിക്കുവാനൊ എന്നതോന്നുമാറു് ആയുധധാനികളും കുതിരക്കുളമ്പുകളുടെ സ്വരവുംകേട്ടതുടങ്ങി. അയാൾ ത്വട്ടിയിൽ ചാടിഎഴുന്നേറ്റു അൽപനേരം ചെവിഓർത്തശേഷം; "ഓ! അതുസാരമില്ല. കഷ്ടം എന്റെ ഉറക്കംക്രൂടെകളഞ്ഞല്ലൊ,. എന്നുപറഞ്ഞു പുതപ്പെടുത്തു നല്ലപോലെ ദേഹത്തു ചുറ്റിക്കൊണ്ടു കട്ടിലിന്മേൽ വീണ്ടും കിടന്നു. അപ്പോൾ ഏതൊ ഒരു സാധനം തന്റെ പാർശ്വഭാഗത്തു തറച്ചുകയറുന്നതായി തോന്നി. ഉടനെ എഴുന്നേറ്റു നോക്കിയപ്പോൾ അതു പോക്കറ്റിൽനിക്ഷേപിച്ചിരുന്ന ജപമാലയാണെന്നു മനസ്സിലായി. ഉടനെ അയാൾ "ഇന്നുഞാൻ ജപമാല എത്തിച്ചില്ലല്ലൊ' കഷ്ടം—ഓ. ഇന്നു വല്ലിയ ക്ഷീണമാണു്. ഉറക്കവുംവരുന്നുണ്ടു്. ആകട്ടെ നാളെകാലത്തെ ജപിച്ചുകൊള്ളാം" എന്നുപറഞ്ഞു വീണ്ടും നിദ്രക്കാരംഭിക്കുകയിൽ "ഹെ! അൽഫോൻസേ! നീ ഒരു ധീരപുരുഷനല്ലേ? നിന്റെ അമ്മയുടെ അന്ത്യവാക്കുകൾ ശരിയായി നിറവേറ്റണ്ടയോ? ഉടനെ എഴുന്നേൽക്കുക' ജപമാലഎത്തിക്കുക; എന്നൊരു ആന്തരികസ്വരം അയാൾ കേൾക്കുന്നതിനിടയായി. ഉടനെ ചാടിഎഴുന്നേറ്റുകൊണ്ടു് 'ഉറക്കമെ! ഒരു മണിക്കൂർനേരത്തേക്കു് നീ എന്നെ ഉപദ്രവിക്കരുതു്. എന്റെ ജപം കഴിഞ്ഞിട്ടു് നിന്നെഞാൻ ആശ്ലേഷിച്ചുകൊള്ളാം". എന്നുപറഞ്ഞുകൊണ്ടു് ജപമാലഎത്തിച്ചുതുടങ്ങി. ഉറക്കവും ക്ഷീണവും അയാളെ വിട്ടുകന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. "ജപമാലയ്ക്കു് ഇത്ര വല്ലിയശക്തിയുണ്ടൊ? എന്റെ സ്നേഹമാതാവിനു് അതിന്മേൽ

വലിയവിശ്വാസമുണ്ടായിരുന്നു. ദൈവത്തിൽനിന്നു് എന്തെങ്കിലും പ്രത്യേകമായി സിദ്ധിക്കാനുണ്ടായിരുന്നപ്പോൾ എത്ര ഭക്തിപൂർവ്വമാണു് അവൾ അതു് ജപിച്ചിരുന്നതു്. അവളുടെ വിശ്വാസത്തിനോ എന്റെ അവിശ്വാസത്തിനൊ ഏതിനാണു് ക്ലേശകരമായതു്." എന്നെല്ലാം വിചാരിച്ചുകൊണ്ടു്, വീണ്ടുംജപമാല തുടർന്നു തുടങ്ങി. എന്നാൽ, എന്റെ മാതാപിതാക്കന്മാരുടെ ദൃഷ്ടാന്താനുസരണം നല്ലസന്തോഷത്തോടും ദൈവത്തിലുള്ള പൂർണ്ണവിശ്വാസത്തോടുംകൂടി നിത്യരക്ഷയുടെഭാഗ്യത്തേയും, ആനന്ദത്തേയും, വിചാരിച്ചുകൊണ്ടു് ഒരു ഭാഗ്യജീവിതം കഴിക്കുകയോ അതോ നിത്യരക്ഷയേയും, ദൈവത്തേയും, വിചാരിക്കാതെ സ്വതന്ത്രമായ ഒരുജീവിതം നയിക്കുകയൊ ഏതാണു് നല്ലതു്, എന്നുള്ള ഒരു വിചാരം അയാളുടെ ഹൃദയത്തിൽ കടന്നുകൂടി. തന്നെയല്ല അതു അയാളെ വളരെ വിഷമിപ്പിക്കുകകൂടെ ചെയ്തിരുന്നു. അപ്പോൾ അയാൾ—"അനാവശ്യ വിചാരമേ എന്നെ വിട്ടകലുക. നാളെ നിന്നേക്കുറിച്ചു് വിചിന്തനം ചെയ്തുകൊള്ളാം" എന്നു് ഉറക്കെ വിളിച്ചുപറഞ്ഞു. ഉടനെ ആരോ പുറത്തുനിന്നു് "എന്തുകൊണ്ടു് ഇന്നു പാടില്ല" എന്നു സഗൌരവം ചോദിക്കുന്നതു കേട്ടു് കട്ടിൽ വിട്ടു് ഇറങ്ങിയപ്പോൾ കണ്ടതു് തന്റെ മിലിട്ടറി ചാപ്പ്ലനച്ചനേയായിരുന്നു. ഉടനെ അയാൾ അത്യുച്ച പരതന്ത്രനായി നിലകൊണ്ടു് ഞാൻ പറഞ്ഞതെല്ലാം അച്ചൻ കേട്ട അല്ലെ?" എന്നു ചോദിച്ചു. അതിനു അനുകൂലമായ മറുപടി കൊടുത്തശേഷം അദ്ദേഹം കട്ടിലിന്മേൽ ഇരുന്നുകൊണ്ടു് ഇപ്രകാരം പറയുവാൻ തുടങ്ങി. "ഞാൻ ഒരാൾക്കു് അന്ത്യക്രമോപദേശകർമം കൊടുത്തശേഷം തിരിച്ചുവരികയാണു്. നിന്റെ ആത്മരക്ഷയെക്കുറിച്ചുള്ള വാഗ്വാദം കേൾക്കുവാൻ ഇപ്പോൾ എനിക്കിടയായതു ഒരു പ്രത്യേക ദൈവപരിപാലനയെന്നേ പറവാനുള്ളൂ. അതെപ്പറ്റി പറയുവാനാണു് ഞാൻ ഇങ്ങോട്ടു കയറിയതു. ഉടനെ അയാൾ 'പ്രിയ അച്ചാ! വളരെ നന്ദിപറയുന്നു എന്നു പറഞ്ഞുകൊണ്ടു കൈകൊടുത്തു. തൽസമയം കൈയ്യേൽ ചുറ്റിയിരുന്ന ജപമാല കണ്ടുകൊണ്ടു് വൈദികൻ—ഓഹോ! ഇതെന്താകുന്നു.? നിങ്ങൾ ജപമാല എത്തിക്കുന്നുണ്ടോ? നിങ്ങൾ ഒ

രു യുദ്ധവീരനെന്നു സകലരും സമ്മതിക്കുന്നുണ്ട്. എന്നാൽ നിങ്ങളും ഒരു ഭക്തൻകൂടെയാണെന്നു അറിയുന്നതിൽ എനിക്കു് വളരെ സന്തോഷമുണ്ടു്" എന്നുപറഞ്ഞു. "പ്രിയ അച്ഛാ കാര്യം എനിക്കു് നല്ലവണ്ണം മനസ്സിലായി. എന്നാൽ ഈ ജപമാലയോടു് സംഘടിതമായ ഒരു പ്രത്യേക സംഭവംകൂടെ ഉണ്ടു്. അതുഞാൻ പറഞ്ഞുകേൾപ്പിക്കാം. ഏകദേശം പന്ത്രു വർഷമായി ഈ ഭക്തകൃത്യം ഞാൻ മുടക്കാതെ ചെയ്യുവരുന്നുണ്ടു്" എന്നു പറഞ്ഞു ആ ജപമാലയുടെ പൂർവ്വചരിത്രംമുഴുവനും പറഞ്ഞുകേൾപ്പിച്ചു. അപ്പോൾ; "പ്രിയകുഞ്ഞേ! നല്ലദൈവം നിന്റെ ഈ നന്മപ്രവൃത്തിക്കു് നല്ലപ്രതിഫലം നൽകാതിരിക്കുകയില്ല. എന്നാൽ നീ നാളത്തേക്കായി നീട്ടിവെച്ച സംഗതിയുടെ തീരുമാനം എന്തായി എന്നുകൂടെ എനിക്കു് അറിയുവാൻ ആഗ്രഹമുണ്ടു്" എന്നു വൈദികൻ വീണ്ടുംപറഞ്ഞു. തൽക്ഷണം അയാൾ കണ്ണുനീരൊഴുക്കിക്കൊണ്ടു് "അച്ഛാ! നാളയല്ലാ ഇന്നുതന്നെ ആ സംഗതിയ്ക്കു് ഒരു തീരുമാനം ഉണ്ടാക്കണം. ദൈവമാണു് അച്ഛനെ ഇവിടെ കൂട്ടിക്കൊണ്ടു വന്നതു്. ഞാൻ ഒരു നല്ലജീവിതം തുടങ്ങുവാൻ പോകുകയാണു്. എന്റെ അമ്മയുടെ നിക്ഷേപം എന്നെ സഹായിക്കാതിരിക്കുകയില്ല. എന്റെപ്രിയ അച്ഛാ! എനിക്കു് ഒരു പൂർണ്ണപാപോച്ചാരണം കഴിക്കണം. അച്ഛൻ എന്നെ സഹായിക്കണം! എന്നു പറഞ്ഞു് കണ്ണുനീർ ഒഴുക്കിക്കൊണ്ടു് ആ വൈദികന്റെ പാദത്തുങ്കൽ മുട്ടുകുത്തി പൂർണ്ണമായ ഒരു പാപോച്ചാരണം നടത്തി. അതിന്റെ ശേഷം, ആനന്ദത്താലും ഹൃദയാന്തർഭാഗത്തു നിന്നു പൊങ്ങിവന്ന സന്തോഷാധിക്യത്താലും കരഞ്ഞു ചാടിക്കൊണ്ടു് ഇങ്ങനെ വിളിച്ചുപറഞ്ഞു "ഇപ്പോൾ എന്റെ സ്വർഗ്ഗീയ പാസ്പോർട്ടു് ഞാൻ തയാറാക്കിയിരിക്കുന്നു". ജപമാലപൊന്തിച്ചുകൊണ്ടു് "ഇതാകുന്നു പരദീസായുടെ താക്കോൽ. ഇതുകൊണ്ടു് സ്വർഗ്ഗം നിശ്ചയമായും എനിക്കു് തുറന്നു കിട്ടും" എന്നു പറഞ്ഞു. തദനന്തരം ഇരുവരും പരസ്പരം സ്വസ്തി ചൊല്ലി പിരിയുകയും ചെയ്തു.

പ്രഭാത സൂര്യന്റെ കിരണങ്ങൾ ഇൻകർമാൻപ്രദേശത്തിന്റെ നാനാദിഗന്തങ്ങളെയും പ്രകാശിപ്പിച്ചു തുടങ്ങി. പട്ടാളക്കാ

ർ ആയുധങ്ങളുമെടുത്തു രംഗപ്രവേശം ചെയ്യുകഴിഞ്ഞു. ഇരു സൈന്യങ്ങളും ഘോരതരമായി പോരാടി. എന്നാൽ രണശൂരരായ ഫ്രഞ്ചു സൈന്യത്താൽ ശത്രുഗണം ക്ഷണത്തിൽ ചിതറിക്കപ്പെട്ടുപോയി. അഹൊ! എത്രയൊ ആളുകളാണു് സ്വരാജ്യത്തിനുവേണ്ടി ജീവനെബലികഴിച്ചതു്! എത്രമാത്രം രക്തമാണു് അവിടെ ചിന്തപ്പെട്ടതു്. മൃതശരീരങ്ങളും കുന്നുകൂന്നായി അവിടവിടെ കിടക്കുന്നു. കഷ്ടം!! ഈ തരുണത്തിൽ വീരശൂരനായ നമ്മുടെ അൽഫോൻസു് എവിടെ? ജീവിച്ചിരിക്കുന്നവരുടെ ഗണത്തിലാകട്ടേ മരിച്ചവരുടെ കൂട്ടത്തിലാകട്ടേ കാണപ്പെട്ടുന്നില്ല. ഹാ! അൽഫോൻസേ! നീ എവിടെയാകുന്നു!! ഉടനടി വേണ്ട അന്വേഷണങ്ങളും നടത്തിയതിൻ ഫലമായി മരിച്ചു കിടക്കുന്നവരുടെ അടിയിൽ വാളൂരി, തന്റെ വാത്സല്യമാതാവിന്റെ നിക്ഷേപമായ ജപമാല അതിന്മേൽ ചുറ്റിപ്പിടിച്ചുകൊണ്ടു് കിടക്കുന്നതായിട്ടാണു് കാണപ്പെട്ടതു്. ഹാ! അൽഫോൻസേ! നീ എത്രയൊ ഭാഗ്യവാൻ! ജപമാലയുടെ സഹായത്താലല്ലയൊ നിന്റെ സ്വഷ്ടാവുമായി നീ രമ്യപ്പെട്ടതു്. കന്യകമറിയത്തിന്റെ സഹായത്താലല്ലയൊ നീ പരിപൂർണ്ണമായ ഒരു പാപസങ്കീർത്തനം കഴിച്ചതു്. മരിയഭക്തരെ! മറിയംതന്റെ ഭക്തരെ കാത്തുസൂക്ഷിച്ചു സ്വർഗ്ഗത്തിൽകൊണ്ടുപോകുന്ന വഴികണ്ടാലും!! ക്രീമിയൻ യുദ്ധത്തേക്കാൾ ഭയങ്കരതരവും നിരന്തരവുമായ ഒരു യുദ്ധമാണു് നമുക്കു് ചെയ്വാനുള്ളതു്. മനുഷ്യരല്ല പിശാചുക്കളാണു് നമ്മുടെശത്രുക്കൾ. സ്ത്രീയെന്നൊ പുരുഷനെന്നൊ ബാലനെന്നൊ വൃദ്ധനെന്നൊളള യാതൊരു വ്യത്യാസവുംകൂടാതെ എല്ലാവർക്കും യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. നരകീയശത്രുക്കളെ തോല്പിക്കുന്നതിനു് പര്യാപ്തമായ ഒരായുധം സ്വർഗ്ഗരാജ്ഞിനമുക്കു് പ്രദാനംചെയ്തിട്ടുണ്ടു്. അതു നമ്മുടെപക്കലുള്ളപ്പോൾ നമുക്കു് ആരേയാണു് ഭയപ്പെടുവാനുള്ളതു്! രക്ഷാകരവും ശക്തിമത്തുമായ ഒരായുധം നമ്മുടെ കൈവശംഉള്ളപ്പോൾ ഏതുശത്രുവാണു് നമ്മോടു പോരിനുവരുന്നതു്. ഈ ആയുധമാകുന്ന ജപമാലയെ നാം നിരന്തരം ഉപയോഗിക്കണം. പൈശാചികശക്തി അതിനോടു പ്രബലപ്പെടുകയില്ല. നമുക്കു നിർഭയം സ്വർഗ്ഗം കുന്ന സ്വദേശ

ത്തുചെന്നെത്തുകയുംചെയ്യാം. "ജപമാലരാജ്ഞിയായ കന്യക മറിയമെ! നിൻെറമക്കളായ ഞങ്ങളെ അന്ത്യദിനം കാത്തുരക്ഷിച്ചുകൊള്ളേണമെ"

"വിദ്യാർത്ഥികളോട്"

(നെടുങ്ങാട്ട് സി. ജോസഫ് ചേന്നങ്കരി)

നിങ്ങളം ഒരു അസാമാന്യ വാസനക്കാരനാണെന്നും അതുകൊണ്ടു സകല ഐശ്വര്യവും അനായാസേന സിദ്ധിക്കുമെന്നും തോന്നിപ്പോയിട്ടുണ്ടെങ്കിൽ ആ തെറ്റിദ്ധാരണയെ കളയേണ്ടകാലം എത്രയും അതിക്രമിച്ചിരിക്കുന്നു. സകല ഉൽക്കർഷവും ദൈവസഹായം അപേക്ഷിച്ചുകൊണ്ടുള്ള പരിശ്രമത്താലുണ്ടാകേണ്ടതാണെന്നു് മനസ്സിലാക്കി ഉടൻ തന്നെ പരിശ്രമശീലനാകാനാണു് ശ്രമിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ ചില്ലറക്കായ്യങ്ങളിലുള്ള പരിശ്രമം വലിയ ജോലികളിൽ പ്രവേശിക്കുന്നതിനു നിങ്ങളെ യോഗ്യരാക്കും. അശ്രാന്തപരിശ്രമം ഹേതുവാൽ എന്തെല്ലാം സാധിക്കുമെന്നു മനസ്സിലാകുമ്പോൾ നിങ്ങളം അത്യധികമായി വിസ്മയിക്കാതിരിക്കയില്ല. പൂർവകാലങ്ങളിൽ ഓരോരുത്തർ എഴുതിയിട്ടുള്ള പുസ്തകങ്ങളം വായിച്ചുതീർക്കുവാൻ നിങ്ങളിൽ ചിലരെക്കൊണ്ടു സാധിക്കാതിരിക്കുന്നെങ്കിൽ ഒരാളംതന്നെ ഇത്രയധികം പുസ്തകങ്ങളം എങ്ങനെ എഴുതിതീർക്കാൻ കഴിഞ്ഞുവെന്നു നിങ്ങളംക്കുത്ഭുതം തോന്നുന്നില്ലയോ? ഇതിൻെറയെല്ലാം രഹസ്യം സ്ഥിരമായ പരിശ്രമമൊന്നാകുന്നു. അലസതയെപ്പോലെ ദോഷകരമായ മറെറാരു ശീലവുമില്ല. അതുപോലെതന്നെ ക്ഷണേന സമ്പാദിക്കാവുന്നതും വേർപിരിയുവാൻ പ്രയാസമുള്ളതുമായി മറെറാന്നുമില്ലതാനും. അലസൻ ക്ഷണത്തിൽ ഉണർച്ചയില്ലാത്തവനായി ഇങ്ങനെ വിചാരിക്കുന്നു. "ഓടുന്നതിനേക്കാളം ഭേദം നടക്കുകയാണു്. നടക്കുന്നതിനേക്കാളം നല്ലതു നിൽക്കുകയാണു്. പക്ഷെ ഇരിക്കുന്നതല്ലേ നിൽക്കുന്നതി

നേക്കാൾ കുറേക്കൂടിനല്ലതു്. അതല്ലാ ഒരിടത്തു കിടക്കുന്നതുതന്നെ ഇതിലെല്ലാം ഉത്തമം." ഏറ്റവും ദയനീയ സ്ഥിതി അലസന്റേതാകുന്നു. "ഭ്രാന്തുണ്ടായാലുള്ള സുഖം ഭ്രാന്തനുമാത്രമേ അറിഞ്ഞുകൂടൂ" എന്നുപറഞ്ഞതുപോലെ അലസതകൊണ്ടുള്ള അസ്വാസ്ഥ്യം അലസന്മാർക്കു മാത്രമെ അറിവാൻ കഴികയുള്ളൂ. പരിശ്രമശീലമില്ലാത്തപലരും വലിയജോലിത്തിരക്കുള്ളവരായിനടക്കുന്നുണ്ടു്. വളരെ ധിറുതിയിലും പരിഭ്രമത്തോടും അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുന്നവരിൽ പലരും സാധാരണയായി പരിശ്രമികളായിരിക്കുകയില്ല. ഇതു സൂക്ഷ്മബുദ്ധിയോടുകൂടി നോക്കുന്നതായാൽ അതിശം ബോദ്ധ്യപ്പെടും. കത്തുവ്യത്തെ വിട്ടുനടക്കുന്നവൻ തന്റെ പിശകു ഓർമ്മയിൽ വന്നാലുണ്ടാകുന്ന മനോവേദനയെ ഭയപ്പെട്ടു അതിനെ വിസ്മരിക്കുന്നതിലേക്കു ബുദ്ധിയെ മറ്റുപലതിലുമായി വ്യാപരിപ്പിച്ചുകൊണ്ടിരിക്കുന്നു.

പരിശ്രമശീലന്മാർക്കാണു് വാസ്തവത്തിൽ ഇളവു ധാരാളമുള്ളതു്. കൃത്യസമയങ്ങളിൽ ചെയ്വാനുള്ളതെല്ലാം ചെയ്തുകഴിഞ്ഞാൽ ശേഷം സമയം അവർക്കു സ്വസ്ഥമായിരിക്കാമല്ലൊ. എന്നാൽ ഒരു മടിയൻ ജോലി ഒന്നുമില്ലാതെ ഉത്സാഹശൂന്യനായും അസ്വസ്ഥചിത്തനായും കാലം കഴിക്കുന്നു. പ്രകൃതിശക്തികൾ ശാന്തമായിരിക്കെ, ഒരിടത്തുതന്നെ കപ്പൽ നങ്കൂരം താഴ്ത്തിനിറുത്തുന്നതിനു മനസ്സും ക്ഷമയുമില്ലാതെ എത്ര നാവികന്മാർ സമുദ്രകോപത്തെവകവയ്ക്കാതെധൈര്യമായിയാത്രചെയ്യുന്നു! എന്തെങ്കിലും എഴുതുകയോനല്ലപുസ്തകങ്ങളേതെങ്കിലും വായിച്ചുസാരംഗ്രഹിക്കയോചെയ്യാതെതാനൊരുദിവസംപോലുംകഴിച്ചിട്ടില്ലെന്നു "സെനക്കാ" എന്ന പണ്ഡിതൻ അദ്ദേഹത്തിന്റെ ഒരെഴുത്തിൽ പറയുന്നു. യോഗ്യത എന്തെങ്കിലും ആഗ്രഹിക്കുന്നവൻ പരിശ്രമശീലനായിരിക്കണമെന്നതു് സർവസമ്മതമായിരിക്കയാൽ മടിയന്മാരെ മറയന്മാരായി കണക്കാക്കുന്നതിൽ യാതൊരുതെറ്റും ഉണ്ടെന്നു തോന്നുന്നില്ല. കൃത്യസമയങ്ങളിൽ മുഷിഞ്ഞു ജോലിചെയ്തു ശീലിക്കാത്തവർക്കു എന്തുമാത്രം സമയം വ്യർത്ഥമായ്പ്പോകുന്നുവെന്നു വല്ല കണക്കുമുണ്ടോ? കായ്പരിപാടിയിൽ ഓരോപ്ര

വൃത്തിക്കും സമയനിശ്ചയംചെയ്ത് അതനുസരിച്ചു ജോലി ചെയ്യുന്നതായാൽ ആയുഷ്കാലത്തിൽ മഹത്തായ എന്തെല്ലാം കാര്യങ്ങളും സാധിക്കാൻ കഴിയും.

പഠിത്തത്തേയും ശീലങ്ങളേയും ക്രമപ്പെടുത്തേണ്ട മാർഗ്ഗങ്ങളും ആലോചിച്ചുണ്ടാക്കി കടലാസിലെഴുതിയിടുന്നതിനു വിഷമമൊന്നുമില്ല. പക്ഷെ അതുകൊണ്ടുമാത്രമെന്താണ് സാദ്ധ്യമാകുന്നത്? പ്രവർത്തിക്കുന്നതിനു തുനിയുമ്പോൾ തന്നെ പെട്ടെന്നു അതുമുഴുവനും സാധിക്കാതെവരുന്നല്ലോ എന്നുമനസ്സുമടിച്ചുനിങ്ങുകയും അതുവേണ്ടെന്നുവയ്ക്കുന്നു. ബഞ്ചമിൻ പ്രാൻക്ലിൻ ഒരു അശ്രാന്തപരിശ്രമിയായിരുന്നു. ഒരിക്കലെങ്കിലും അദ്ദേഹം വിചാരിച്ചതിൽ അധികം പ്രവൃത്തി ചെയ്യാതിരുന്നിട്ടില്ല. തന്റെ ജോലികൾ കൃത്യമായി അതാതുദിവസം ചെയ്തുവന്നിരുന്നതിനാൽ അദ്ദേഹം ഏതെങ്കിലുമൊരുസമയം എന്തുചെയ്കയായിരുന്നുയെന്നു മറെറാരു സ്ഥലത്തിരുന്നു നാഴികമണി നോക്കിപ്പറയുവാൻ കഴിയുമായിരുന്നു. ഇതുപോലെ എല്ലാക്കാര്യങ്ങളിലും അദ്ദേഹത്തിനു കണിശമുണ്ടായിരുന്നു. എഴുത്തുകളായും ലേഖനങ്ങളായും ഒരു വലിയമുറി നിറയത്തക്കവണ്ണം കടലാസുകളുണ്ടായിരുന്നവ ഓരോന്നിനേയും അദ്ദേഹം അതാതിന്റെ സ്ഥാനത്തിൽതന്നെ യഥാക്രമം വച്ചുകൊണ്ടിരുന്നു. അതിനാൽ ഒട്ടുംതിരയാതെതന്നെ ആവശ്യമുള്ള കടലാസു ഉടൻ എടുക്കാമായിരുന്നു. ഡിമോസ്തനീസ് എന്ന വാഗ്മിയെപ്പററി നിങ്ങൾ കേട്ടിരിക്കുമല്ലോ. അദ്ദേഹം തൂസിഡിഡീസ് എന്ന മഹാന്റെ ഗദ്യരീതിയെ അനുകരിക്കാൻവേണ്ടി അദ്ദേഹം എഴുതിയിട്ടുള്ള ഗ്രീസുചരിത്രം എട്ടുപ്രാവശ്യം പകർത്തിയെഴുതീട്ടുണ്ട്. ടക്കികളുടെയിടയിൽ വളരെ സാരഗർഭമായ ഒരു പഴഞ്ചൊല്ലുണ്ട്. "പരിശ്രമശീലന്മാരെ ഉപദ്രവിക്കുന്നതിനു ഒരുപിശാചേയുള്ളൂ. എന്നാൽ മടിയന്മാരെ കൊല്ലുന്നതിനു് ആയിരം പിശാചുക്കളുണ്ടു്" "മനുഷ്യരെ ദോഷകൃത്യങ്ങളിൽ സാധാരണ പിശാചു പ്രേരിപ്പിക്കുന്നു. എന്നാൽ മടിയൻ പിശാചിനെചെന്നു കുത്തിയിളക്കുകയാണു്". അതുകൊണ്ടു നിയമേനയുള്ള പരിശ്രമശീലത്താൽ ഉർജ്ജനസംസ്കൃത്തിനും

ദുഷ്പ്രേരണകൾക്കും ഇടവരാതെയും നിങ്ങളുടെ സ്വഭാവത്തെ മ്മല്യത്തെ മിത്രങ്ങളുടെ മനസ്സമാധാനത്തിനു ഹാനി സംഭവിക്കാതെയും ദൈവതിരുമനസ്സിനുകീഴ് വഴങ്ങിക്രമപ്പെട്ടുത്തേണ്ടതാണു്.

മടിയാ ചെറുതായുള്ളോ
രെന്നേ ചെന്നു നോക്കുക
അതിൻക്രിയകളെ കണ്ടു
വിജ്ഞനായി ഭവിക്കുക.

സോളമന്റെ സുഭാഷിതങ്ങൾ.

പുനരൈക്യസഹായസമാജം.

(ഫാദർ സിറിയക്ക് കാപ്പിൽ പീഎച്ച്. ഡി.)

വേദപ്രചാരാത്ഥവും പുനരൈക്യപ്പെട്ട സഹോദരങ്ങളെ സഹായിക്കുന്നതിനുമായി പുനരൈക്യസഹായസമാജം എന്നപേരിൽ ഒരു സംഘം ആരംഭിക്കുവാൻ പോകുന്ന വിവരം മദ്ധ്യസ്ഥൻവായനക്കാരും അറിഞ്ഞിരിക്കണം.

പ്രസ്തുതസമാജത്തിന്റെ കരടുനിയമങ്ങളും ഇതിനകം എല്ലാവരും കണ്ടിരിക്കുമല്ലൊ. പ്രസ്തുതനിയമങ്ങൾ, അതുസംബന്ധിച്ചുള്ള പൊതുജനാഭിപ്രായങ്ങൾ പാട്ടുള്ളിടത്തോളം സ്വീകരിച്ച് വേണ്ടഭേദഗതികളോടുകൂടി പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമാക്കുന്നതിനു ഇനി അധികം താമസമുണ്ടാകയില്ല. ക്രൂടാതെയും എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പ്രസ്തുത സമാജത്തെ സംബന്ധിച്ചു താമസംവിനാ ഒരു ഇടയലേഖനവും പരസ്യപ്പെടുത്തുന്നതിനു് ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ള സന്തോഷവാർത്തയും ഏവരേയും അറിയിച്ചുകൊള്ളുന്നു.

വേദപ്രചാരാത്ഥം ഇതുപോലെ ഒരു സ്ഥാപനത്തിന്റെ ആവശ്യത്തെപ്പറ്റി ഇതിനുമുമ്പു ധാരാളം പലരും എഴുതീട്ടുള്ളതിനാൽ തൽക്കാലം ക്രൂടുതലായി ഒന്നും പറയേണ്ടതായിട്ടില്ലെന്നു വിശ്വസിക്കുന്നു. സമാജം സംബന്ധിച്ചുള്ള ഇടയലേഖനം പരസ്യപ്പെടുത്തുന്നതോടുകൂടി അംഗങ്ങളെ ചേർക്കുന്ന ജോലിയും ആരംഭിക്കുന്നതാണു്. സമാജ അഭിവൃദ്ധിക്കും നടത്തിപ്പിനും വേണ്ട സഹായസഹകരണങ്ങളും ഹൃദയപൂർവം എല്ലാവരും ചെയ്യുമെന്നുള്ള ശരണത്തോടും ചെയ്യണമെന്നുള്ള അപേക്ഷയോടുംകൂടി തൽക്കാലം വിരമിക്കുന്നു.

കത്തോലിക്കു് രാജ്യങ്ങളിലെ കോളേജു വിദ്യാർത്ഥികൾ.

ഫെബ്രുവരിമാസത്തിലെ പൊതുനിയോഗം.



ഉന്നതവിദ്യാഭ്യാസം ഓരോ വ്യക്തിയുടേയും സമുദായത്തിന്റെയും അഭിവൃദ്ധിയുടെ ഒരു മാനദണ്ഡമാകുന്നു. ആകയാൽ കത്തോലിക്കു സഭ ഉന്നത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകതന്നെചെയ്യുന്നു. പക്ഷേ ഇക്കാലത്തെ ഉന്നതവിദ്യാഭ്യാസം സന്മാർഗ്ഗ ബോധവിഹീനതയാലും അവിശ്വാസംകൊണ്ടു ഹൃദയകളാലും കളങ്കിതമായി കാണപ്പെട്ടുന്നതു് അത്യന്തം ശോചനീയമായിരിക്കുന്നു. കത്തോലിക്കു് രാജ്യങ്ങളിലെകോളജ് പ്രഫസറന്മാരിൽഒരുഭാഗം നിർമ്മതന്മാരും സ്വതന്ത്രചിന്തകന്മാരുമായി കാണപ്പെട്ടുന്നതാണു് ഇതിനുകാരണം മതവും സന്മാർഗ്ഗവും വെടിഞ്ഞുള്ള വിദ്യാഭ്യാസം വിഷംകലർത്തിയ ഭക്ഷണംപോലെയാണു്. സർവ്വകലാശാലാവിദ്യാഭ്യാസം കഴിച്ചിറങ്ങുന്ന യുവാക്കന്മാരിൽ ഒരു സംഘം വെറും ലോകത്തന്മാരും ദുർമ്മാർഗ്ഗികളുമായി തീരുന്നതിൽ എന്താണൽഭുതം? ഈദൃശമായ ആപൽഗർത്തത്തിൽനിന്നു കത്തോലിക്കയുവാക്കന്മാർ രക്ഷപ്രാപിക്കുന്നതിനായി ഈ മാസത്തിൽ നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണു്.

വേദപ്രചാരപ്പണപിരിവു്.	രൂ.	ച.	കാ.
ശ്രീമാൻ കുഞ്ഞാപ്പുറമ്പിൽ വക്കീലവർകൾ മുട്ടുചിറ	1	3	0
,, മടത്തിക്കുന്നേൽ ഉലഹന്നൻ	1	0	0
,, മഞ്ഞൂരാൻ & ശൌര്യർ	1	0	0
ചില്ലറ തുകകൾ	1	0	8
ആകെ	4	3	8

മുറിക്കൽ പീലിപ്പോസു് ക. അസി. ഡയറക്ടർ

പ്രസാധകപ്രഭാഷണങ്ങൾ.

പ്രൊസിസ്ക്കോസു് സഭ

ആദ്ധ്യാത്മികപരിപൂർണ്ണതയ്ക്കായി ശ്രമിക്കേണ്ടതു് ബാലന്മാരുടേയും യുവാക്കളുടേയും വൃദ്ധന്മാരുടേയും ചുമതലയാണു്. ലോകോത്തരമായ ആദ്ധ്യാത്മികാദർശങ്ങളാൽ നയിക്കപ്പെടുന്ന സാമുദായികപരിശ്രമങ്ങൾമൂലമാണു് സാക്ഷാൽ പ്രയോജനം സിദ്ധിക്കുന്നതു്. അല്ലാതെ വെറും ലൌകികവും ജഡികവും ക്ഷണികവുമായ ഉദ്ദേശ്യങ്ങളാൽ പ്രേരിക്കപ്പെടുന്ന പരിശ്രമങ്ങൾക്കു ഗുണം വർദ്ധിക്കുന്നതല്ല. അക്കാരണത്താലാണു് വിശുദ്ധ പ്രാൻസിസു അസീസിയുടെ സഭക്കാർ മൂലമുള്ള സമുദായപരിശ്രമങ്ങൾ സകലത്ര പ്രശംസിക്കപ്പെടുന്നതു്. പക്ഷെ നമ്മുടെ നാട്ടിൽ പ്രൊസിസ്ക്കോസു് സഭ, വൃദ്ധന്മാരുടേയും വൃദ്ധകളുടേയും സഹകായ്മസഭയായി യുവാക്കന്മാർ വിട്ടുകൊടുത്തിരിക്കുകയാണെന്നു തോന്നുന്നു. വൃദ്ധജനങ്ങളും യുവജനങ്ങളും തമ്മിൽ വളരെ മനസ്ഥിതിവ്യത്യാസമുള്ളതുകൊണ്ടായിരിക്കാം യുവാക്കന്മാർ ഇതിൽ പ്രവേശിക്കാതിരിക്കുന്നതു്. ആകയാൽ കേരളയുവജനങ്ങൾക്കു അഹിതമല്ലാത്ത വേഷാദികളോടും സാമുദായികപരിപാടിയോടുംകൂടി ഒരു പ്രത്യേകവകുപ്പു് പ്രൊസിസ്ക്കോസു് സഭയിൽ ഉണ്ടാകുന്നതു നന്നാണെന്നു ഞങ്ങൾക്കഭിപ്രായമുണ്ടു്. ഈ അഭിപ്രായം തന്നെ സഭയുടെ സുപ്പീരിയർ ബ. ആലക്കളത്തിലച്ചൻ അവർകൾക്കും ഉള്ളതും തദനുസരണമുള്ള പ്രാരംഭപരിശ്രമങ്ങൾ അദ്ദേഹം കാലേക്കൂട്ടി ചെയ്തുതുടങ്ങിയിട്ടുള്ളതും ആണെന്നു് സഭയുടെ വർഷാന്ത്യറിപ്പോർട്ടിൽനിന്നും കാണുന്നതിൽ വളരെ സന്തോഷിക്കുന്നു. അസീസിയിലെ ദിവ്യദൌത്യം കേരളത്തെ അനുഗ്രഹീതയാക്കട്ടെ എന്നുമാത്രമെ ഈ തരുണത്തിൽ ഞങ്ങൾ ആശംസിക്കേണ്ടതുള്ളൂ.

പിരിഷ്കാരം പോയപോക്കു് !

മാപ്പിപ്പാ തിരുമനസ്സുകൊണ്ടു് ഈയിടെ വിവാഹത്തിന്റെ പരിശുദ്ധതയെ പ്രസ്പഷ്ടമാക്കി ഒരു പരസ്യക്കല്പന അയച്ചിരിക്കുന്നു. കഴിഞ്ഞകൊല്ലം തിരുമനസ്സുകൊണ്ടു പരസ്യംചെയ്തിരുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കല്പനപോലെ ഇതും പരിഷ്കൃ

തലോകത്തിന്റെ ഗാഢമായ ശ്രദ്ധയെ ആകഷ്ടിച്ചുവരുന്നു. ഇക്കാലത്തു ക്രിസ്തീയസന്മാർഗ്ഗം സർവ്വത്ര ക്ഷയിച്ചുകാണുന്നുസ്ഥിതിക്കു പരിശുദ്ധപിതാവിന്റെ ഈ ഇടയലേഖനം അത്യന്തം സമുചിതമായിരിക്കുന്നു. വിവാഹമോചനം ജനനനിയന്ത്രണം തൽക്കാലിക വിവാഹം മുതലായ അക്രൈസ്തവപ്രസ്ഥാനങ്ങളെഅധികാരപൂർവ്വം അധിക്ഷേപിച്ചുകൊണ്ടുള്ള മാർപാപ്പാ തിരുമനസ്സിലെ പരസ്യലേഖനം ചില പച്ചപ്പരിഷ്ക്കാരികളുടെ ഇടയിൽ ഒരുവക ഫാലിലുക്കംതന്നെ ഉണ്ടാക്കിയിരിക്കുന്നു. ഈ വിധ ക്രിസ്തീയതത്വങ്ങളും മൃഗങ്ങളുടെഇടയിൽമാത്രമേ പ്രായോഗികമാകയുള്ളുഎന്നാണത്രെ ഇവരിൽ ഒരുക്രൂട്ടർ പറഞ്ഞുപരത്തുന്നതു്. നോക്കണേ ഒരുപരിഷ്ക്കാരംപോയപോക്കു്!

അപകീർത്തക്കേസു്

"കറിച്ചിടുന്നൊന്നുനരൻ മനസ്സിൽ
മറിച്ചിടുന്നായതു സർവശക്തൻ"

എന്നീ പദ്യഖണ്ഡമാണു് ഐ. സി. ഡാനിയേൽ കേസിന്റെ വിധികേട്ടപ്പോൾ ഞങ്ങൾക്കു പെട്ടെന്നു തോന്നിയതു്. പാപ്പായുടെ ആധിപത്യം തല്ലിഉടച്ചുകളയാം, വല്ല കത്തോലിക്കരും പാപ്പാധിപത്യത്തെ ആദരിക്കാൻ പുറപ്പെട്ടാൽ അവരെ ശകാരവർഷം ചെയ്കയാം എന്നിങ്ങനെ വിചാരിച്ചുകൊണ്ടുള്ള ഒരു വ്യക്തിയുടെ പുറപ്പാടു് എവിടെ ചെന്നവസാനിച്ചു എന്നു നോക്കുക ! തിന്മയിൽനിന്നു നന്മയുളവാകുന്നതിനുള്ള ദൈവികശക്തിതന്നെ ഇവിടേയും പ്രതിഫലിച്ചുകാണുന്നു. മി. ഐ. സി. ചാക്കോയേയും ഏതാനും കത്തോലിക്കവൈദികരേയും കോടതികയറുന്നതിൽ ഒരു യുദ്ധാഹ്വാനം അടങ്ങിയിട്ടുണ്ടായിരുന്നു എന്നുള്ളതു് സ്പഷ്ടമാണു്. എന്നാൽ ഇവരുടെ മാഹാൽമൃത്തെക്കുറിച്ചും കത്തോലിക്കസഭയുടെ പാവനങ്ങളെക്കുറിച്ചും ബഹുജനസമക്ഷം കൂടുതൽ മതിപ്പുണ്ടാകുന്നതിനുമാത്രം മി. ഡാനിയേലിന്റെ ഈ യുദ്ധാഹ്വാനം ഫലിച്ചു!

അമലോത്ഭവത്തിന്റെ പുതിയവ്യാഖ്യാനം.

ബഥന്യാശ്രമത്തിൽ ഉടലെടുത്ത ബഹുഭൂരിപക്ഷം അംഗങ്ങളും കത്തോലിക്കസഭയെ ആശ്രയിച്ചുകഴിഞ്ഞു. രണ്ടുപട്ടക്കാരും ചില സാധുക്കളും ഇന്നിയും യാക്കോബായവിശ്വാസത്തിൽ

നിൽപുണ്ട്. അവരുടെ വകയായി ഇപ്പോൾ "സുറിയാനിസഭാ സംരക്ഷണ"ത്തിനായി ഒരു "ബഥനിമാസിക" പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. അതിൽ കത്തോലിക്കസഭയുടേതെന്നു പറഞ്ഞു പല ഉപദേശങ്ങളും കൊടുത്തിട്ടുണ്ട്. പലതും രസകരംതന്നെ. അതിൽ ഒന്നുമാത്രം "സാമ്പിളാ"യി കാണിക്കുവാൻ മതിയാകുമല്ലോ. "വിശുദ്ധമറിയം പരിശുദ്ധാത്മാവാസം മൂലം ഗർഭം ധരിച്ചതു പോലെതന്നെ വിശുദ്ധമാതാവിനെ അവളുടെ അമ്മ പരിശുദ്ധാത്മാവാസം മൂലം പുരുഷസംസർഗം കൂടാതെ ഗർഭംധരിച്ചു പ്രസവിച്ചു എന്നാണ് റോമാസഭയുടെ വിശ്വാസം(ബഥനിമാസികവാല്യം ൈ ലക്കം ഫ. പേജ് ഫദ)നോക്കണേ! സാധുക്കളായയാക്കോബായ സഹോദരങ്ങളും കത്തോലിക്കവിശ്വാസമെന്തെന്നു മനസ്സിലാക്കാതെ സന്തോഷണം ചെയ്യുപോകുന്ന സമ്പ്രദായം!

രസങ്ങളൊന്നിലും ചേരാ
ഇതിന്റെ രസമേക്കിലോ!

കത്തോലിക്ക് സാഹിത്യവർദ്ധനവ്.

പൌലോസ്ശ്ലീഹാ ഇക്കാലത്തു ജീവിച്ചിരുന്നു എങ്കിൽ അദ്ദേഹം ഒരു സാഹിത്യകാരനായി ജോലി തുടങ്ങിയേനെ എന്നു ഒരിക്കൽ ഒരു മഹാൻ അഭിപ്രായപ്പെട്ടകയുണ്ടായി. കത്തോലിക്ക് സാഹിത്യത്തിന്റെ പ്രധാന്യമെത്രമാത്രമുണ്ടെന്നു് ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണല്ലോ. ആണ്ടുതോറും പുത്തൻപള്ളിയിൽനിന്നും വൈദികവിദ്യാഭ്യാസം കഴിഞ്ഞിറങ്ങുന്ന യുവവൈദികന്മാരുടെതുലികാചാലനഫലമായി പ്രത്യക്ഷപ്പെടുന്നുള്ളചെറുഗ്രന്ഥങ്ങൾ ഞങ്ങളെഎറെക്കുറെ അഹ്ലാദിപ്പിക്കാറുണ്ട്. എന്നാൽ ഈ വൽസരത്തിലെ കൃതികളം ഞങ്ങൾക്കു അത്ഭുതപൂർവമായ അഹ്ലാദവും സംതൃപ്തിയും പ്രദാനംചെയ്തിട്ടുണ്ട്. ഇതുയാണ്ടത്തെപ്രസിദ്ധീകരണങ്ങളിൽ ഏറ്റവും മികച്ചു നിൽക്കുന്നതു് ബിഷപ്പ് വോൺ അവർകളുടെ **"Earth to Heaven"** എന്ന കൃതിയുടെ സ്വതന്ത്രതർജ്ജമ അത്രെ "ആനന്ദകൈമുദി" എന്ന കൃതിയാണു് അന്യകൃതികളും സാമാന്യം നന്നായിരിക്കുന്നു. സാഹിത്യരസസംപൂർണ്ണമായ അനേക കൃതികൾകൊണ്ടും പ്രഭാഷണപരമ്പരകളാലും ഈ യുവംവൈദികർ കേരളജനാവലിയെ സന്തുഷ്ടമാനസരാക്കുന്നതിനു സർവേശ്വരൻ ഇടയാക്കട്ടെ.

എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ

പള്ളിസന്ദർശനപ്രോഗ്രാം

1931 ഫെബ്രുവരി

3-ാംനു-	കാലത്തു	10	മണിക്കു്	പുന്നത്തുറ
4 ,,	ഉച്ചകഴിഞ്ഞു	4	,,	പാട്ടുവാ
5 ,,	ടി	4	,,	നരിവേലി
6 ,,	ടി	4	,,	മറവക്കര
8 ,,	കാലത്തു	10	,,	മുഴൂർ
9 ,,	ഉച്ചകഴിഞ്ഞു	4	,,	കാഞ്ഞിരമറ്റം
11 ,,	കാലത്തു	10	,,	തോടനാൽ
12 ,,	ടി	10	,,	മുത്തോലി
13 ,,	ഉച്ചകഴിഞ്ഞു	4	,,	ചാമക്കാലാ
14 ,,	ടി	4	,,	പാറമ്പുഴ
15 ,,	ടി	4	,,	അരമന

ബ വൈദികരുടെസ്ഥലംമാറ്റം

വികാരിമാർ.

1.	കണ്ടങ്കരിയിൽ	ബ. സ്കറിയാച്ചൻ	കുമരകം
2.	പുത്തൻപുരയ്ക്കൽ	ബ. ഗീവറുഗീസച്ചൻ	കേസറിയാ
3.	കാരുവേലിൽ	ബ. ഗീവറുഗീസച്ചൻ	മുട്ടുചിറ ഫൊ.
4.	പാറേമ്മാക്കൽ	പെ.ബ. മത്തായിഅച്ചൻ	കടനാട്ടു
5.	മുരിക്കൽ	പെ. ബ. യാക്കോബച്ചൻ	ചേർപ്പുങ്കൽ
6.	വെള്ളാപ്പാട്ടു	ബ. മത്തായി അച്ചൻ	നവനസ്രേത്തു
7.	കരിയമ്പുഴ	ബ. ഗീവറുഗീസച്ചൻമുട്ടാർപഴയപള്ളി	
8.	വരിക്കയിൽ	ബ. മത്തായി അച്ചൻ	തിടനാട്ടു

അസ്സോന്തിമാർ

1.	കൊട്ടപ്പുന	ബ. യൗസേപ്പച്ചൻ	കാവാലം
2.	കല്ലൂപ്പറമ്പിൽ	ബ. ഗ്രീഗോറിയോസച്ചൻ	അതിരമ്പുഴ
3.	ചെമ്പകശേരി	ബ. ദേവസ്യാച്ചൻ	ചെങ്ങളം
4.	നടയത്തു	ബ. യാക്കോബച്ചൻ	പുളിങ്കുന്നു
5.	മുക്കാട്ടുകുന്നേൽ	ബ. ഗീവറുഗീസച്ചൻ	ചമ്പക്കുളം
6.	തച്ചങ്കരി	ബ. ഗീവറുഗീസച്ചൻ	ചങ്ങനാശേരി
7.	മുരിക്കൽ	ബ. പീലിപ്പോസച്ചൻ	ചങ്ങനാശേരി
8.	പ്ലാക്കാട്ടു	ബ. തോമ്മാച്ചൻ	അതിരമ്പുഴ

ഉപകാരസ്മരണകൾ.

അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന ഒരു കാര്യം വി. റീത്താ പുണ്യവതിയുടെയും പരേതനായ മാർ. തോമ്മാ മെത്രാന്റെയും മദ്ധ്യസ്ഥാപേക്ഷയാൽ സാധിച്ചതിനു് ഉപകാരസ്മരണയായി ഒരു രൂപാ അയച്ചുതന്നു. റവ. തോമസ്സ്. കളം കാവാലം.

എന്റെ മാന്യസ്നേഹിതൻ മി. പി. എം. മാണിയുടെ ഉപദേശപ്രകാരം വിശുദ്ധ കൊച്ചുത്രേസ്യായുടെയും കുഞ്ഞുളശ്ശേരിമെത്രാനച്ചന്റെയും, മദ്ധ്യസ്ഥാപേക്ഷയാൽ കാണാതപോയ, എന്റെ ഒരു പശുവിനെ തിരിച്ചു കിട്ടിയതിനു് ഉപകാരസ്മരണയായി ഒരു രൂപാ അയച്ചുതന്നു.

തെക്കിനാട്ടമഠത്തിൽ വെങ്കിട്ടസുബയ്യർ പരമേശ്വരയ്യർ.
പുന്നത്തൂർ കിടങ്ങൂർ.

"വി. യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥത്താൽ സിദ്ധിച്ച രോഗശമനത്തെക്കുറിച്ചുള്ള കൃതജ്ഞതാ പ്രകാശനാർത്ഥം ഒരു രൂപാ അയക്കുന്നു,, റവ. ജേ. വെള്ളരിങ്ങാട്ട്.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ രൂപാ 1.
മിസ്സ് ക്ലാരമ്മ ആഗസ്തി ചങ്ങനാശ്ശേരി.

മരണവാർത്തകൾ

കൈനകരി പള്ളി ഇടവക പുളിമ്പറമ്പിൽ ജോസഫ് ആശാൻ അവർകൾ അന്ത്യ കൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ഫെബ്രുവരി 6-ാംതീയതി തന്റെ 82-ാമത്തെ വയസ്സിലും

അമ്പലപ്പുറം മംഗലം പള്ളി ഇടവക നെടുങ്ങോടിൽ മാണി അവിരാ തന്റെ 80-ാമത്തെ വയസ്സിലും ടി പള്ളി ഇടവക, ചെത്തുവേലിൽ കുരുവിളവക്കീൽ തന്റെ 70-ാമത്തെ വയസ്സിലും പ്രക്കാട്ടു പള്ളി ഇടവക പുത്തൻപുരക്കൽ മാത്തു അവർകളുടെ ഭാര്യ മറിയ തന്റെ പിതൃഗൃഹമായ ചങ്ങനാശ്ശേരി മാമ്മൂട്ടിൽ എന്ന ഭവനത്തിൽ വച്ചു 83-ാമത്തെ വയസ്സിലും കുറുമ്പനാടത്തു ക്ലാരമഠത്തിലെ ബ. മദ്ര്രീത്താമ്മയുടെ മാതാവു ഡിസംബർ 31-ാം തീയതിയും അന്ത്യകൂദാശകളൊക്കെയും സുബോധത്തോടെ കൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

ബഥനിമാസികയല്ല സഭാകാഹളം

കത്തോലിക്കാ തിരുസഭയേയും ബഥനിത്തിരുമേനിമാരേയും പ്രത്യക്ഷത്തിൽ അധിക്ഷേപിക്കുവാനായി അരോചിലർ ചേർന്ന് "ബഥനി മാസിക" എന്നപേരിൽ ഒരു മാസിക ഈയിടെ ഇറക്കിത്തുടങ്ങിയിരിക്കുന്നതായി അറിയുന്നതുകൊണ്ട് തിരുവല്ലാ തിരുമൂലപുരം ബഥന്യാശ്രമത്തിൽനിന്നു പുറപ്പെടുവിക്കാൻ ഉദ്ദേശിച്ചിട്ടുള്ള മാസികയുടെ പേർ "സഭാകാഹളം" എന്നു മാറ്റിയിരിക്കുന്ന വിവരം ഏവരേയും അറിയിച്ചുകൊള്ളുന്നു. സഭാകാഹളം മാനേജർ തിരുമൂലപുരം, തിരുവല്ലാ.

മലങ്കരസഭയുടെ എകസ്റെ.

ഒരു നവീനഗ്രന്ഥം ശ്രീമാൻ സി. അന്തപ്പായി ബി. എ. ശ്രീമാൻ വീ. സി. ജോർജ്ജ് ബി.എ.എൽ.റ്റി. എന്നിവരുടെ

അവതാരികാപന്യാസങ്ങൾ.

ബഥനിക്കെതിരായി അകത്തോലിക്കർ പുറപ്പെടുവിച്ചിട്ടുള്ള ലഘുഗ്രന്ഥങ്ങൾ, ലഘുപത്രികകൾ, പത്രപ്രസ്താവനകൾ, മാറോലകൾ മുതലായവയിൽ കാണുന്ന കുറ്റാരോപണങ്ങളേയും വീരവാദങ്ങളേയും സൂക്ഷ്മമായി ഖണ്ഡിച്ചും, അവയുടെ യഥാർത്ഥ സ്വഭാവം നഗ്നമായി വെളിപ്പെടുത്തിയും എഴുതപ്പെട്ടിട്ടുള്ള ഒരു നവീനഗ്രന്ഥമാണ് "മലങ്കരസഭയുടെ എക്സ്റെ." നിരവധി ചരിത്രസാക്ഷ്യങ്ങളും സംഭവലക്ഷ്യങ്ങളും അടങ്ങിയതു്. പുനരൈക്യപ്രസ്ഥാനം പ്രബലപ്പെട്ടുവരുന്ന ഈ അവസരത്തിൽ സമുദായഭേദമെന്യേ ഏതൊരു കൃസ്ത്യാനിയുടേയും പക്കൽ അവശ്യം ഉണ്ടായിരിക്കേണ്ട ഈ പുസ്തകത്തിന്റെ വിലചക്രം ഫാൾ (അണ നാ) മാത്രം. അവശ്യക്കാർക്ക് വി. പി. അയക്കുന്നതാണ്. കമ്മിഷൻ പ്രത്യേകനിരക്ക്. നല്ല കമ്മീഷൻ ഉടനെ എഴുതുക.

മാനേജർ എസ്സ്. എച്ച്. ബുക്ക്ഡിപ്പോ ചങ്ങനാശേരി.

പഞ്ചാംഗം

ഫെബ്രുവരി മാസം.

ഇം.	മല.			
മ.	മൻ.	ഞാ.	✠	൧൦-ാം ഞാ. കർ. ദ്വ. കർ. ശ്ലീ.
				അട്ടത്തര അർദ്ധവെള്ളി. നാളെ കടം.
മാ.	മാ൦.	തി	✠	ക. മറിയത്തിന്റെ. ശുദ്ധീകരണം.
വ്യ.	മന്ത.	ഞാ.	✠	ന്ത൦-ാം ഞാ. ഹ൪. ൫. ഹ൪. ശ്ലീ.
മ൫.	ന.	ഞാ.	✠	൫൦-ാം ഞ. കർ. മ. കർ. സൌമ്മാ.
				ഇന്നുപാതിരാവിൽ അമ്പത്തു നോമ്പുതുടങ്ങുന്നു.
മവ.	ന്ത.	ബു.		കെത്തുമാ.
മമ.	മ൦.	ഞാ.		നോ. മ-ാം ഞാ. ഹ൪. മ. മെസ്.

Reg. No. T. 213. മാ. പ്ര. മദ്ധ്യസ്ഥൻ.

വരിക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്.

"മദ്ധ്യസ്ഥൻ" മാസികയുടെ നാം പുസ്തകത്തിന്റെ വ്യാം ലക്കമാണല്ലൊ ഇപ്പോൾ പുറപ്പെടുന്നതു്. മാസികയുടെ ക്രമപ്രദ്ധമായ നടത്തിപ്പിൽ അതിനു് ആവശ്യമായ പല പരിഷ്കാരങ്ങളും ഇനിയും വരുത്തുന്നതിനുതന്നെയാണു് ഞങ്ങളും ഉദ്ദേശിക്കുന്നതു്. എന്നാൽ ധനവിഷയത്തിലുള്ള അതിന്റെ വിഷമതകൾ ഞങ്ങളെ ഭഗ്നോത്സാഹരാക്കുകയും ചെയ്യുന്നു.

അതിനാൽ മാസികാബന്ധുക്കളോരോരുത്തരും മൂന്നാം പുസ്തകത്തിന്റെ ഓരോ രൂപാവീതമുള്ള സംഖ്യയും കൂടിശിക ഉണ്ടായിരുന്നാൽ ആ സംഖ്യയും ഉടനേതന്നെ കൊടുത്തു് രസീതു വാങ്ങിക്കൊള്ളാനപേക്ഷ. ഈ ഫെബ്രുവരി നാം തീയതിക്കകം പണം (മൂന്നാം പുസ്തകത്തിന്റെ വരിപ്പണത്തിൽ ഒരംശമെങ്കിലും) തരാത്തവർക്കു് മാസിക അയയ്ക്കുന്നതല്ലെന്നുള്ള വിവരം കൂടി അറിയിച്ചുകൊള്ളുന്നു. മാനേജർ.

പ്രത്യേകനോട്ടീസ്.

ഒന്നുമുതൽ ആറുവരെ കൂപ്പികം നിറയ്ക്കാവുന്ന സോഡാ മെഷ്യൻസും, സോഡാക്കുപ്പി, ഗ്യാസ്സുകുറ്റി, എസൻസു്, റബർബ്രുഷ് സൈക്കിം, ഗ്രാമഫോൺ, പ്ലെയിറ്റ്സു് ഹർമ്മോണിയം മുതലായതും ഗ്യാസു് ലൈറ്റു്, പെറ്റ്രോമാക്സു്, ബേബിലാന്റേൺ ഇവക്കറ്റ്റിക്കു് ആദിയായവിളക്കുകളും ഇവയുടെ ഓരോ സാധനങ്ങളും മിതമായ വിലക്കും ക്രമത്തിലും കൊടുക്കുന്നതാണു്. ക്രടാതെ ടി. സാമാനങ്ങൾ കുറഞ്ഞ ചാർജ്ജിൽ കേടുപാടു പോക്കി കൊടുക്കുന്നതിനും തയ്യാറുണ്ടു്.

N. B. പരസഹായംക്രടാതെ ഇംഗ്ലീഷ് ഭാഷ അഭ്യസിക്കുന്നതിനു് ഒന്നുമുതൽ അഞ്ചുവരെ ഭാഗങ്ങളായി പുസ്തകങ്ങളും വിൽപനയുണ്ടു്. പുസ്തകം ഒന്നിനു് ൧ ചക്രം. മൊത്തമായി എടുക്കുന്നവർക്കു് പ്രത്യേക കമ്മീഷനുണ്ടു്. ക്രൂടുതൽ അറിയേണ്ടവർ ആവശ്യപ്പെടുക.

ചക്കുപുരയ്ക്കൽ ഇട്ടിയവിരാ ജോസഫ്
സോഡാഫാക്റ്ററി ചങ്ങനാശ്ശേരി.

Printed and published by *Rev. Fr. M. Alakalam* at the St. Joseph's Orphanage press, Changanacherry